2023
SEPTEMBER
12
TUES DAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## ഇന്ത്യ സൗദി പങ്കാളിത്തം പ്രാദേശിക, ആഗോള സ്ഥിരതയ്ക്കും ക്ഷേമത്തിനും നിർണായകം

**ന്യൂഡൽഹി:** ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം പ്രാദേശിക, ആഗോള സ്ഥിരതയ്ക്കും ക്ഷേമത്തിനും നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാനുമായുള്ള കൂടിക്കാഴ്ചയിലാണ് മോദി ഇക്കാര്യം പറഞ്ഞത്. ഇന്ത്യയുടെ ഏറ്റവും തന്ത്രപ്രധാന പങ്കാളികളിൽ ഒരാളാണ് സൗദിയെന്നും മാറുന്ന കാലത്തിന് അനുസരിച്ച് ബന്ധത്തിൽ പുതിയ തലങ്ങൾ ഇരുവശവും കൊണ്ടുവരുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യ  സൗദി അറേബ്യ സ്ട്രാറ്റജിക് പാർട്ണർഷിപ് കൗൺസിലിന്റെ ആദ്യയോഗത്തിൽ ഉഭയകക്ഷി ബന്ധം ഇരുനേതാക്കളും വിലയിരുത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള അടുപ്പമേറിയ ബന്ധം അടുത്ത തലത്തിലേക്കു കൊണ്ടുപോകുന്നതിനായി പല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നും ബന്ധത്തിന് പുതിയ ദിശയും ഊർജവും ലഭിക്കുമെന്നും യോഗത്തിന്റെ തുടക്കത്തിൽ മോദി പറഞ്ഞു.

നിർണായക മേഖലകളിൽ സഹകരണം വർധിപ്പിക്കുക ലക്ഷ്യമിട്ടാണ് 2019ൽ ഇന്ത്യ  സൗദി അറേബ്യ സ്ട്രാറ്റജിക് പാർട്ണർഷിപ് കൗൺസിൽ രൂപീകരണം പ്രഖ്യാപിച്ചത്. ജി20 യോഗത്തിനെത്തിയ മുഹമ്മദ് ബിൻ സൽമാൻ ഉഭയകക്ഷി ചർച്ചകൾക്കായുള്ള ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യയിൽ തുടരുകയാണ്. ചർച്ചകൾക്കു മുന്നോടിയായി രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് ഔപചാരിക സ്വീകരണം നൽകിയിരുന്നു. മധ്യപൂർവേഷ്യയിൽ ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിയാണ് സൗദി അറേബ്യ.

2020 ഡിസംബറിൽ അന്നത്തെ കരസേന മേധാവി ജനറൽ എം.എം. നരവനെ സൗദി സന്ദർശിച്ചിരുന്നു. പിന്നീടിങ്ങോട്ട് ഉയർന്ന സൈനിക ഉദ്യോഗസ്ഥർ ഇരുരാജ്യങ്ങളും സന്ദർശിച്ച് ബന്ധം ഊട്ടിയുറപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിരുന്നു.

## വിദേശ നിക്ഷേപത്തിൽ കുതിച്ച് ആഭ്യന്തര വിപണി

# 20,000ത്തിൽ തൊട്ട് നിഫ്റ്റി



വിദേശ നിക്ഷേപത്തിലുണ്ടായ വർധനവിനു പിന്നാലെ പുതിയ റെക്കോർഡുമായി നിഫ്റ്റി സൂചിക. സെപ്റ്റംബർ 11ന് നാഷനൽ സ്റ്റോക് എക്സ്ചേഞ്ചിൽ നിഫ്റ്റി 50 സൂചിക 20,000 ലെവൽ പിന്നിട്ടു. സെൻസെക്സ് 67,015.43 എന്ന ലെവലിലും വ്യാപാരം അവസാനിപ്പിച്ചു.

ഏപ്രിൽ ജൂൺ പാദത്തിൽ രാജ്യത്തെ സമ്പദ്!വ്യവസ്ഥയിൽ 7.8 ശതമാനത്തിന്റെ വളർച്ചയാണ് റിപ്പോർട്ടു ചെയ്തത്. കഴിഞ്ഞ വർഷം ഇത് 6.5 ശതമാനമായിരുന്നു. റിപ്പോർട്ടിനെ തുടർന്ന് വിദേശ നിക്ഷേപം വിപണിയിലേക്കൊഴുകിയതും ജി20 യോഗത്തിലെ സുപ്രധാന തീരുമാനങ്ങളും സൂചികകളെ ശക്തിപ്പെടുത്തി.

2023 ജൂലൈ 20ന് നിഫ്റ്റി50ന്റെ 19,991.85 എന്ന റെക്കോർഡാണ് ഇന്നത്തെ വ്യാപാരത്തിൽ മറികടന്നത്. 36 സെഷനുകൾക്കുശേഷമാണ് വിപണിയിൽ നിഫ്റ്റി50 പുതിയ റെക്കോർഡ് നേട്ടം കൈവരിച്ചിരിക്കുന്നത്. ജി20 യോഗത്തിനുശേഷം ഇന്ത്യൻ വിപണി സജീവമായത് വിപണിയിലേക്ക് നിക്ഷേപരുടെ ശ്രദ്ധയാകർഷിച്ചു. വിപണിയിൽ 2,452 രൂപയിൽ വ്യാപാരം ആരംഭിച്ച റിലയൻസ് ഇൻഡസ്ട്രീസ് ഓഹരി 2476.85 രൂപവരെ മുന്നേറി. എച്ച്ഡിഎഫ്!സി ബാങ്ക്, ആക്സിസ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, അദാനി പോർട്സ്, ഐടിസി, ടിസിഎസ്, എസ്ബിഐ എന്നീ ഓഹരികളെല്ലാം നേട്ടത്തിൽ വ്യാപാരം നടത്തി.

ടാറ്റ മോട്ടോർസ്, എൻടിപിസി, എച്ച്സിഎൽ ടെക്, വിപ്രോ എന്നീ ഓഹരികൾ സെൻസെക്സിൽ നേട്ടമുണ്ടാക്കിയപ്പോൾ ഇൻഫോസിസ്, ടൈറ്റൻ, എം ആൻഡ് എം, ഐഷർ മോട്ടോർസ് എന്നീ ഓഹരികൾ നഷ്ടം നേരിട്ടു. ജി 20 യോഗത്തിൽ ജൈവഇന്ധനത്തിന് പ്രാമുഖ്യം നൽകിയതോടെ പ്രാജ് ഇൻഡസ്ട്രീസ് ഓഹരികൾ 15 ശതമാനത്തിലേറെ ഉയർന്നു. ബിഎസ്ഇ മിഡ്കാപ്, സ്മോൾകാപ് സൂചികകൾ 0.8 ശതമാനവും പിഎസ്യു ബാങ്ക് സൂചിക 0.9ശതമാനവും മുന്നേറി.

## ചാണ്ടി ഉമ്മൻ നിയമസഭയിൽ സത്യപ്രതിജ്ഞ ചെയ്തു

**തിരുവനന്തപുരം:** പുതുപ്പള്ളിയിൽ ഇടത് സ്ഥാനാർഥി ജെയ്ക് സി.തോമസിനെതിരെ വൻ വിജയം നേടിയ ചാണ്ടി ഉമ്മൻ നിയമസഭയിൽ എംഎൽഎയായി സത്യപ്രതിജ്ഞ ചെയ്തു. രാവിലെ ചോദ്യോത്തര വേളയ്ക്കു ശേഷം പത്തുമണിക്കാണു ചാണ്ടി ഉമ്മൻ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തത്. അമ്മ മറിയാമ്മ, സഹോദരി മറിയം, സഹോദരിയുടെ മകൻ എഫിനോവ, വി.എം.സുധീരൻ, ജെബി മേത്തർ തുടങ്ങിയവർ നിയമസഭാ ഗാലറിയിൽ സാക്ഷികളായി. 37,719 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വമ്പിച്ച വിജയമായിരുന്നു പുതുപ്പള്ളിയിൽ ചാണ്ടി ഉമ്മൻ നേടിയത്.

ശനിയാഴ്ച രാത്രി എട്ടോടെ പുതുപ്പള്ളി മണ്ഡലത്തിലെ 27 കിലോമീറ്റർ നീണ്ട പദയാത്ര പൂർത്തിയാക്കിയ ശേഷം പുലർച്ചെ ഒന്നിനാണു ചാണ്ടി പുതുപ്പള്ളിയിൽ നിന്നു കാറിൽ തിരുവനന്തപുരം പുതുപ്പള്ളി ഹൗസിലേക്ക് യാത്ര തിരിച്ചത്.

അമ്മ മറിയാമ്മ, സഹോദരി മറിയം എന്നിവർ സത്യപ്രതിജ്ഞയിൽ പങ്കെടുക്കാൻ ഇന്നലെ വൈകിട്ടു തന്നെ തിരുവനന്തപുരത്ത് എത്തിയിരുന്നു. അവധി അവസാനിക്കുന്നതിനാൽ അച്ചു ഉമ്മൻ വിദേശത്തേക്കു മടങ്ങി.

## ജർമൻ സംരംഭങ്ങളുമായി സഹകരണത്തിന് 6 കേരളാ സ്റ്റാർട്ടപ്പുകൾ

**കൊച്ചി:** ജർമൻ സംരംഭങ്ങളുമായി സഹകരിച്ചു പ്രവർത്തനം വിപുലമാക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷനിലെ 6 സംരംഭങ്ങൾ. കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ നടത്തിയ ജർമൻ സന്ദർശനത്തിലാണു കമ്പനികളുടെ പ്രവർത്തന വിപുലീകരണത്തിന്റെ സോഫ്റ്റ് ലോഞ്ച് നടത്തിയത്. ഇൻഫ്യൂസറി ഫ്യൂച്ചർ ടെക് ലാബ്സ്, പ്ലേസ്പോട്സ്, സ്കീബേഡ് ടെക്നോളജീസ്, ഫ്യൂസിലേജ് ഇന്നവേഷൻസ്, ട്രാൻകിലിറ്റി ഐഒടി ആൻഡ് ബിഗ് ഡേറ്റ സൊല്യൂഷൻസ്, ടോസിൽ സിസ്റ്റംസ് എന്നിവയുടെ സ്ഥാപകരും മേധാവികളുമാണ് കേരള സ്റ്റാർട്ടപ് മിഷൻ സംഘത്തിലുണ്ടായിരുന്നത്. പ്രധാന ചർച്ചകളും നിക്ഷേപസാധ്യതകളും ജർമൻ സന്ദർശനത്തിലൂടെ തുറന്നുകിട്ടിയെന്നു കെഎസ്യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു.






# വീസാറ്റ്; പൂർണമായും വനിതകൾ നിർമിച്ച കേരളത്തിലെ ആദ്യ ഉപഗ്രഹം തയാർ

**തിരുവനന്തപുരം:** പൂർണമായും വനിതകൾ നിർമിച്ച കേരളത്തിലെ ആദ്യത്തെ ഉപഗ്രഹം വീസാറ്റ് അടുത്ത പിഎസ്എൽവി റോക്കറ്റ് വിക്ഷേപണത്തോടൊപ്പം ഭ്രമണപഥത്തിലെത്തും. തിരുവനന്തപുരം പൂജപ്പുരയിലെ എൽബിഎസ് വനിതാ എൻജിനീയറിങ് കോളജിലെ സ്പേസ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ് വിമൻ എൻജിനീയേഡ് സാറ്റലൈറ്റ് (വീസാറ്റ്) നർമിച്ചത്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനത്തിൽ അൾട്രാ വയലറ്റ് വികിരണങ്ങളുടെ സ്വാധീനം മനസ്സിലാക്കുകയാണ് വീസാറ്റിന്റെ ലക്ഷ്യം.

എൽബിഎസ് കോളജിലെ അസിസ്റ്റന്റ് പ്രഫസർ ഡോ.ലിസി ഏബ്രഹാമിന്റെ നേതൃത്വത്തിൽ മുപ്പതിലധികം വിദ്യാർഥികൾ ഉൾപ്പെടുന്ന വനിതാ സംഘത്തിന്റെ 3 വർഷത്തെ പ്രയത്നമാണ് വീസാറ്റിനു പിന്നിൽ. സംസ്ഥാനത്ത് പൂർണമായും വിദ്യാർഥികൾ മാത്രം ചേർന്നു നിർമിച്ച ആദ്യത്തെ ഉപഗ്രഹവുമിതാണ്. ഉപഗ്രഹ വിക്ഷേപണത്തിനായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനവുമായി (ഐഎസ്ആർഒ) എൽബിഎസ് കോളജ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അടുത്ത മാസം അവസാനമോ നവംബർ ആദ്യവാരമോ ആകും അടുത്ത പിഎസ്എൽവി വിക്ഷേപണം നടക്കുക.

കോവിഡ് കാലത്താണ് ഞങ്ങൾ ഉപഗ്രഹം നിർമിക്കുന്നതിനുള്ള താൽപര്യം അറിയിച്ച് ഐഎസ്ആർഒയ്ക്ക് കത്തയച്ചത്. വൈകാതെ അവർ ബന്ധപ്പെട്ടു. ഞങ്ങൾ 3 വർഷം കൊണ്ട് വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ (വിഎസ്എസ്സി) കൂടി സഹകരണത്തോടെയാണ് ഉപഗ്രഹം നിർമിച്ചത്. ഉപഗ്രഹത്തിൽ നിന്നുള്ള ഡേറ്റ (വിവരങ്ങൾ) ലഭിക്കുന്നതിനുള്ള ഗ്രൗണ്ട് സ്റ്റേഷൻ കോളജ് ക്യാംപസിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്. അതു പ്രവർത്തന സജ്ജമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ നടക്കുന്ന ആദ്യത്തെ പഠനമാണിത്. ഡോ.ലിസി ഏബ്രഹാം പറഞ്ഞു.

ബഹിരാകാശത്തിലെയും ഭൗമോപരിതലത്തിലെയും അൾട്രാ വയലറ്റ് വികിരണങ്ങളുടെ തോത് അളക്കുന്നതിനും ഇത്തരം വികിരണങ്ങൾക്ക് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉഷ്ണതരംഗത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും എത്രമാത്രം സ്വാധീനമുണ്ടെന്നു മനസ്സിലാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

# പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാത; ഇടറോഡുകളുടെ വികസനം വൈകുന്നു

**റാന്നി:** പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാത ഉന്നത നിലവാരത്തിലാക്കിയിട്ടും ഇതിൽ സന്ധിക്കുന്ന ഇടറോഡുകളുടെ വികസനം അകലെ. റാന്നി ടൗണിലെ ഗതാഗത പ്രശ്നങ്ങൾക്കു പൂർണമായി പരിഹാരം കാണാൻ ഇടറോഡുകളും നവീകരിക്കണം.

ചെത്തോങ്കര ബ്ലോക്കുപടി വരെ നീളുന്നതാണ് റാന്നി ടൗൺ. ടൗണുമായി ബന്ധിപ്പിക്കുന്ന ഒട്ടേറെ ഇടറോഡുകളുണ്ട്. അവയാണ് വികസിപ്പിക്കേണ്ടത്. ചെത്തോങ്കര, മുക്കാലുമൺ, വലിയപറമ്പിൽപടി,ബണ്ടുപാലം, ഇട്ടിയപ്പാറ, ഒഴുവൻപാറ, മാമുക്ക് തേക്കാട്ടിൽ പടി, മാമുക്ക്, ഭഗവതികുന്ന് അമ്പലംപടി, റാന്നി രാമപുരം ക്ഷേത്രംപടി, ബ്ലോക്കുപടി, പെരുമ്പുഴ ബസ് സ്റ്റാൻഡ്, മുണ്ടപ്പുഴ,റാന്നി വൈക്കം എന്നീ റോഡുകളാണ് ഇതിൽ പ്രധാനം.



പുനലൂർമൂവാറ്റുപുഴ പാതയിൽ ചെത്തോങ്കര, ഇട്ടിയപ്പാറ സെൻട്രൽ ജംക്ഷൻ വരെ ഗതാഗത കുരുക്കു നേരിട്ടാൽ പ്രയോജനപ്പെടുന്നതാണ് മുക്കാലുമൺ, ചെത്തോങ്കര റോഡ്. വാഹനങ്ങൾ ഇതുവഴി ഒഴുവൻപാറയെത്തി ഇട്ടിയപ്പാറയ്ക്കു പോകാനാകും. വലിയപറമ്പിൽപടി, ബണ്ടുപാലം റോഡ് കേരള പുനർ നിർമാണ പദ്ധതിയിൽ ഇപ്പോൾ നവീകരണം നടക്കുകയാണ്. ഇട്ടിയപ്പാറ, ഒഴുവൻപാറ റോഡ് ഇട്ടിയപ്പാറ,വടശേരിക്കര റോഡ് പദ്ധതിയിൽ ബിഎംബിസി നിലവാരത്തിൽ വികസിപ്പിക്കാനുള്ള നടപടി തുടരുകയാണ്.

മാമുക്ക് ,തേക്കാട്ടിൽ പടി റോഡിൽ കാര്യമായ വികസനം നടന്നിട്ടില്ല. ചെറിയ മഴ പെയ്താലും റോഡിൽ വെള്ളക്കെട്ടാണ്. വാഹന കാൽനട യാത്ര ദുഷ്കരമാണ്. പരമാവധി വീതിയിൽ ഇതു നവീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇട്ടിയപ്പാറയിൽ ആദ്യം ബൈപാസായി വികസിപ്പിക്കാൻ ലക്ഷ്യമിട്ട റോഡാണ് മാമുക്ക്,ഭഗവതികുന്ന് അമ്പലംപടി. സമീപവാസികളിൽ ചിലർ കോടതിയെ സമീപിച്ചതു മൂലമാണ് വികസനം അന്യമായത്. ഭഗവതികുന്ന് അമ്പലംപടി മുതൽ കല്ലംപറമ്പിൽ പടി വരെ ഏറെക്കുറെ 8 മീറ്റർ വീതിയുണ്ട്. ബാക്കി ഭാഗത്ത് 4 മീറ്റർ പോലും വീതിയില്ല. 2018ലെ പ്രളയ കാലത്ത് കുട്ടവഞ്ചി പോലും കടന്നു പോകാൻ പറ്റാത്ത സ്ഥിതി നേരിട്ടിരുന്നു.

രാമപുരം ക്ഷേത്രംപടി, ബ്ലോക്കുപടി റോഡ് ഉന്നത നിലവാരത്തിൽ വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഇതു സാധ്യമായാൽ പെരുമ്പുഴ ബസ് സ്റ്റാൻഡിനും ബ്ലോക്കുപടിക്കും സമാന്തരമായി പുതിയ പാത തുറക്കും.

# രണ്ടാം കൃഷി: സംഭരണ നയം പ്രഖ്യാപിക്കാത്തതിൽ കർഷകർക്ക് ആശങ്ക

**കുട്ടനാട്:** രണ്ടാം കൃഷിയുടെ നെല്ലു സംഭരണം പടിവാതിക്കൽ എത്തിനിൽക്കെ സംഭരണനയം പ്രഖ്യാപിക്കാത്തതിൽ നെൽ കർഷക സംരക്ഷണ സമിതി ആശങ്ക രേഖപ്പെടുത്തി. കേന്ദ്രസംസ്ഥാന സർക്കാരുകൾ പല ഘട്ടങ്ങളിലായി വർധിപ്പിച്ചതും കൈകാര്യം ചെലവായ 12 പൈസയും കൂടി നെല്ലിനു കിലോയ്ക്കു 31.47 രൂപ ലഭ്യമാക്കണമെന്നും ഇതിനു തയാറാകാത്തപക്ഷം സംസ്ഥാനത്തെ മുഴുവൻ നെൽ കർഷകരെയും അണിനിരത്തി ശക്തമായ സമരം നടത്താനും യോഗം തീരുമാനിച്ചു. പുഞ്ച കൃഷിയുടെ നെൽവില ഇനിയും ലഭ്യമായിട്ടില്ലാത്ത കർഷകരെ സഹായിക്കുന്നതിനുവേണ്ടി സംഘടനയുടെ ഹെൽപ് ലൈൻ ആരംഭിച്ചു. കർഷകർക്കു ഹെൽപ്പ് ലൈൻ നമ്പരിൽ 8281755466 ബന്ധപ്പെടാവുന്നതാണ്.

സംഘടന ശാക്തീകരണത്തിന്റെ ആദ്യഘട്ടമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിന്ന് 10000 കർഷകർക്ക് അംഗത്വം നൽകാൻ തീരുമാനിച്ചു. ഇതിനായി രക്ഷാധികാരി ജയിംസ് കല്ലുപാത്ര കോ ഓർഡിനേറ്ററായി ഉപസമിതി രൂപീകരിച്ചു. രണ്ടാംകൃഷിയുടെ വിളവെടുപ്പു നടക്കുന്ന ഒക്ടോബർ മാസത്തിലൊക്കം പണം നൽകി നെല്ല് സംഭരിക്കുക, ഹാൻഡിലിങ് ചാർജ് പൂർണമായും സർക്കാർ നൽകുക, കിഴിവു കൊള്ള അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യമുന്നയിച്ചു കലക്ടറേറ്റിനു മുന്നിൽ കർഷക ധർണ നടത്താൻ തീരുമാനിച്ചു. സംസ്ഥാനത്തെ മികച്ച വിദ്യാർഥി കർഷകനായി തിരഞ്ഞെടുക്കപ്പെട്ട അർജുൻ അശോക് മിത്രക്കരിയെ ചടങ്ങിൽ ആദരിച്ചു.

പ്രസിഡന്റ് റജീന അഷ്റഫ് കാഞ്ഞിരം അധ്യക്ഷത വഹിച്ചു. വി.ജെ.ലാലി, സാം ഈപ്പൻ, ജയിംസ് കല്ലുപാത്ര, പി.ആർ.സതീശൻ, ജോസ് കാവനാട്, ജോൺ സി.ടിറ്റോ, ലാലിച്ചൻ പള്ളിവാതുക്കൽ, ഷാജി മുടന്താഞ്ഞിലി, മാത്യൂസ് തോമസ്, വിശ്വനാഥപിള്ള ഹരിപ്പാട്, ബിജു ഔസേഫ്, മാത്യൂസ് ജോർജ് പൊന്നാടംവാക്കൽ, സിബിച്ചൻ തറയിൽ, ജയൻ ജോസഫ് ചങ്ങനാശേരി, അനിയൻകുഞ്ഞ് ചങ്ങനാശേരി, ജി.സൂരജ്, സന്തോഷ് പറമ്പിശേരി, ഷാജി പണിക്കർ പറമ്പിൽ, സാജൻ കാളശേരി, ജോബി ജോസഫ് മൂലംകുന്നം, സുരേന്ദ്രൻ പാലക്കൽ, അഷറഫ് കാഞ്ഞിരം, ജോസഫ് കുഞ്ഞുമംഗലപള്ളി, റോയ് ഊരാംവേലിൽ, സോണിച്ചൻ പുളിങ്കുന്ന് എന്നിവർ പ്രസംഗിച്ചു.

# തോട്ടപ്പള്ളി സ്പിൽവേ ലീഡിങ് ചാനലിന്റെ ആഴം കൂട്ടുന്നത് അശാസ്ത്രീയം: ഐഐടി സംഘം

**ആലപ്പുഴ:** തോട്ടപ്പള്ളി സ്പിൽവേയുടെ നിർമാണ ലക്ഷ്യം സെക്കൻഡിൽ 1,820 ഘനമീറ്റർ വെള്ളം കടലിലേക്ക് ഒഴുക്കുകയാണെങ്കിലും കനാലിന്റെ വീതിക്കുറവു കാരണം ഇപ്പോൾ ഒഴുകുന്നത് 600, 700 ഘനമീറ്റർ മാത്രമെന്നു മദ്രാസ് ഐഐടിയുടെ പഠന റിപ്പോർട്ട്. 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ വെള്ളം സ്പിൽവേയിലൂടെ തിരികെ ഒഴുകുന്നതായും കണ്ടെത്തിയിരുന്നെന്നും അതിനാൽ ലീഡിങ് ചാനലിന്റെ ആഴം ഇനിയും കൂട്ടുന്നത് അശാസ്ത്രീയമാണെന്നുമാണു പഠനം നടത്തിയ വിദഗ്ധർ നിർദേശിക്കുന്നത്.

ലീഡിങ് ചാനലിന്റെ വീതി കൂട്ടുന്നത് അപ്രായോഗികവുമാണ്. ചാനലിനു കുറുകെ പാലങ്ങളും റെയിൽ!പാതയുമുണ്ട്. പലയിടത്തും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടി വരും. സമാന്തരമായി പുതിയ ചാനൽ നിർമിക്കുകയാണ് ഇതിനു പരിഹാരമായി സംഘം നിർദേശിച്ചത്.വിശദമായ റിപ്പോർട്ട് ജൂണിൽ ജലസേചന വകുപ്പിനു കൈമാറിയിട്ടുണ്ട്. എന്നാൽ, അതനുസരിച്ചു നടപടികളൊന്നും തുടങ്ങിയിട്ടില്ല.

എസി കനാലിൽ നെടുമുടി മുതൽ പള്ളാത്തുരുത്തി വരെ അടിത്തട്ടിനു കിഴക്കോട്ടാണു ചരിവെന്നും അതിനാൽ പള്ളാത്തുരുത്തിയിലേക്ക് ഒഴുകുന്ന വെള്ളത്തിന്റെ അളവു വളരെ കുറവാണെന്നും പഠനത്തിൽ കണ്ടെത്തി. കിടങ്ങറ, മങ്കൊമ്പ് മേഖലകളിൽനിന്നു വെള്ളം നന്നായി നെടുമുടി വരെ ഒഴുകുന്നുണ്ട്. സെക്കൻഡിൽ 250 , 260 ഘനമീറ്റർ എന്നാണു പഠനത്തിൽ കണ്ടെത്തിയത്. പക്ഷേ നെടുമുടിയിൽനിന്നു പള്ളാത്തുരുത്തിയിലേക്കുള്ള ഒഴുക്ക് 40, 45 ഘനമീറ്റർ മാത്രമാണ്. ബാക്കി വെള്ളം മുഴുവൻ ഒഴുകുന്നത് വടക്കോട്ടാണ്. ഈ വെള്ളം വേമ്പനാട്ടു കായലിൽ എത്തുന്നുമുണ്ട്.

മണിമലയാറ്റിൽനിന്നു വേമ്പനാട്ടു കായലിലേക്കു പ്രളയജലം തിരിച്ചു വിടുകയെന്ന ലക്ഷ്യത്തോടെ തുടങ്ങി, ഒന്നാംകരയിൽ എത്തിനിൽക്കുന്ന എസി കനാൽ വികസനം തുടർന്നിട്ടു കാര്യമില്ലെന്നാണ് ഐഐടി സംഘത്തിന്റെ പഠന റിപ്പോർട്ട് പറയുന്നത്. പള്ളാത്തുരുത്തി വരെ വികസിപ്പിക്കാനാണു സർക്കാർ പദ്ധതിയിട്ടത്. മങ്കൊമ്പ്, നെടുമുടി, നെടുമുടി, പള്ളാത്തുരുത്തി റീച്ചുകളാണ് വികസിപ്പിക്കാൻ ബാക്കിയുള്ളത്. എന്നാൽ, ഇനിയുള്ള ഭാഗത്തേക്കു ചെറിയ അളവിൽ മാത്രമാണ് വെള്ളം ഒഴുകൂ എന്നാണു പഠനത്തിലെ കണ്ടെത്തൽ. അതിനാൽ ഇനിയുള്ള വികസനം കൊണ്ടു പ്രയോജനം ഉണ്ടാകില്ലെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# മണ്ണൊരുക്കി കേരം നട്ടു നനയ്ക്കാം

കേരമുള്ള നാട് എന്ന അർഥത്തിലാണു കേരളം എന്ന പേരു തന്നെയുണ്ടായത്. തെങ്ങില്ലാത്ത ഇടങ്ങൾ എങ്ങുമുണ്ടായിരുന്നില്ല. ഒരു തെങ്ങ് വച്ചു പിടിപ്പിച്ചാൽ അതു സമൂലം മനുഷ്യന് ഉപകാരപ്രദവുമായിരുന്നു.

തേങ്ങ കൂടാതെ എത്രയെത്ര വൈവിധ്യമാർന്ന ഉത്പന്നങ്ങൾ. തെങ്ങുള്ള പ്രദേശത്തിൻറെ വിസ്തൃതിയിൽ കേരളം ഒന്നാമതാണെങ്കിലും ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഏറെ പിന്നിലാണ്.



കാലാവസ്ഥ വ്യതിയാനം, പ്രായാധിക്യമുള്ള തെങ്ങുകൾ, കീടരോഗബാധകൾ, തൊഴിലാളി ദൗർലഭ്യം തുടങ്ങിയവ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും മണ്ണിൻറെ ആരോഗ്യശോഷണമാണ് ഏറ്റവും പ്രധാനം.

ഇതു പരിഹരിക്കാൻ വിവിധ വളർച്ചാഘട്ടങ്ങളിൽ ആവശ്യമായ പോഷക മൂലകങ്ങൾ തെങ്ങിന് നൽക്കേണ്ടതുണ്ട്. കേരളത്തിൽ ഭൂരിഭാഗം തെങ്ങുകളും നെടിയ ഇനങ്ങളാണ്.

എന്നാൽ, പതിനെട്ടാം പട്ട, ഗൗളി ഗാത്രം തുടങ്ങിയ കുറിയ ഇനങ്ങളും ഹൈബ്രീഡ് ഇനങ്ങളായ ടി ഃ ഡി, ഡി ഃ ടി എന്നിവയും കർഷകർ വ്യാപകമായി കൃഷി ചെയ്യുന്നുണ്ട്. തെങ്ങ് കയറ്റക്കാരുടെ ദൗർലഭ്യം മൂലമാണു കർഷകർ പൊക്കം കുറഞ്ഞ തെങ്ങുകളിലേക്കു തിരിയുന്നത്.

കനത്ത മഴയ്ക്കുശേഷം തടം തുറന്ന് ഒരു തെങ്ങിന് ഒരു കിലോ കുമ്മായം/ഡോളോമൈറ്റ് നൽകണം. തെങ്ങിൻറെ ചുവട്ടിൽ നിന്ന് 1.8 മീറ്റർ ചുറ്റളവിലാണു തടം എടുക്കേണ്ടത്. കുമ്മായം ചേർത്തു രണ്ടാഴ്ച കഴിഞ്ഞു ജൈവ വളങ്ങൾ നൽകാം.

ഉണക്കിപ്പൊടിച്ച ചാണകം, വേപ്പിൻ പിണ്ണാക്ക്, കന്പോസ്റ്റ്, കപ്പലണ്ടി പിണ്ണാക്ക്, എല്ലുപൊടി, ചാരം എന്നിവ ഉത്തമമാണ്. രാസവളം ഏറെ പ്രാധാനപ്പെട്ടതാണ്.

മഴയെ ആശ്രയിച്ചുള്ള കൃഷിയിൽ പ്രയോഗിക്കാവുന്നതിൻറെ മൂന്നിലൊരു ഭാഗം മെയ് അവസാനത്തോടെ നൽകാം. ശരാശരി പരിപാലനമുള്ള തെങ്ങുകൾക്ക് 250 ഗ്രാം യൂറിയ, 280 ഗ്രാം രാജ്ഫോസ്, 380 ഗ്രാം പൊട്ടാഷ് എന്നിവ നൽകണം.

അത്യുത്പാദനശേഷിയുള്ളവയ്ക്ക് 360 ഗ്രാം യൂറിയ, 550 ഗ്രാം രാജ്ഫോസ്, 670 ഗ്രാം പൊട്ടാഷ് എന്നിവ നൽകണം. രണ്ടാമത്തെ ഭാഗം സെപ്റ്റംബർഒക്ടോബർ മാസത്തിലും മൂന്നാമത്തെ ഭാഗം നന തുടങ്ങുന്പോഴും നൽകുന്നതാണു നല്ലത്.

തെങ്ങിൻറെ മണ്ട വൃത്തിയാക്കി നടുന്പിനു ചുറ്റുമുള്ള നാല് ഓല വിടുവുകളിൽ മണൽ വേപ്പിൻ പിണ്ണാക്ക് മിശ്രിതം നിറയ്ക്കുന്നതും കുമിൾ നാശിനി തളിക്കുന്നതും കാലവർഷാരംഭത്തിനു മുന്പ് ചെയ്യുന്നതു രോഗ കീടങ്ങളെ നിയന്ത്രിക്കുന്നതിന് സഹായിക്കും.

നാളികേരത്തിന് അടിക്കടിയുണ്ടാകുന്ന വിലയിടിവും തെങ്ങ് കയറ്റക്കാരുടെ കുറവും കർഷകർക്കു വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇതിനൊപ്പം വ്യാപകമാകുന്ന രോഗങ്ങൾ കൂടിയാകുന്പോൾ പ്രശ്നം കൂടുതൽ രൂക്ഷമാകും.

കൂന്പ് ചീയലും ചെല്ലി വണ്ടുകളുടെ ആക്രമണവുമാണ് പ്രധാന പ്രശ്നങ്ങൾ. മുൻകാലങ്ങളിൽ രോഗം പിടിപ്പെട്ട തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വയ്ക്കുന്നതിന് സർക്കാർ ധന സഹായം നൽകിയിരുന്നു.

എന്നാൽ, അതു നിറുത്തലാക്കിയതു വലിയ തിരിച്ചടിയായി. അതു പുനഃസ്ഥാപിക്കുന്നതിനൊപ്പം വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണമെന്നാണ് കർഷകരുടെ ആവശ്യം.

തെങ്ങു കൃഷി ആദായകരമായി മാറ്റാൻ കരിക്ക് വ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

തേങ്ങയ്ക്കു വിലയിടിയുന്പോൾ കരിക്കു നല്ല വിലയ്ക്ക് വിറ്റ് കർഷകർക്കു പിടിച്ചു നിൽക്കാനാകും.

കേരളത്തിനാവശ്യമായി കരിക്ക് ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് എത്തിക്കുന്നത്.

# മത്തിയുടെ ജനിതകരഹസ്യം ഇന്ത്യയ്ക്കു സ്വന്തം: ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിൽ നാഴികക്കല്ല്

സമുദ്രമത്സ്യ ജനിതക പഠനത്തിൽ നിർണായക ചുവടുവയ്പ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കേരളീയരുടെ ഇഷ്ട മത്സ്യമായ മത്തിയുടെ ജനിതകഘടനയുടെ (ജീനോം) സമ്പൂർണ ശ്രേണീകരണമെന്ന അപൂർവനേട്ടമാണ് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ സ്വന്തമാക്കിയിരിക്കുന്നത്.



ഇന്ത്യയിലാദ്യമായാണ് ഒരു കടൽമത്സ്യത്തിന്റെ ജനിതകഘടന കണ്ടെത്തുന്നത്. ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിലെ നാഴികക്കല്ലാണിതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ പറഞ്ഞു. മത്തിയുടെ ഫലപ്രദമായ പരിപാലനത്തിന് ഏറെ സഹായകരമാകുന്നതാണ് ഈ ജനിതകരഹസ്യം. അവയുടെ പൂർണമായ ജീവശാസ്ത്രം, പരിണാമം എന്നിവ കൃത്യമായി മനസ്സിലാക്കാനാകും. ഇത് മത്തിയുടെ പരിപാലനവും സംരക്ഷണവും കൂടുതൽ എളുപ്പമാക്കും.

കടലിലെ ഏതൊക്കെ പ്രത്യേകതകളാണ് മത്തിയെ സ്വാധീനിക്കുന്നതെന്ന് തിരിച്ചറിയാനാകും. ഇതുവഴി, ഇടയ്ക്കിടെയുണ്ടാകുന്ന മത്തിയുടെ ഏറ്റക്കുറച്ചിലുകൾക്ക് പിന്നിലെ കാരണങ്ങളറിയാനും സഹായിക്കും. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കടലിലുണ്ടാകുന്ന മാറ്റങ്ങളോട് പെട്ടെന്ന് പ്രതികരിക്കുന്ന മത്സ്യമാണ് മത്തി. ജനിതകരഹസ്യം സ്വന്തമായതോടെ കാലാവസ്ഥാവ്യതിയാനം ഏതൊക്കെ രീതിയിലാണ് സമുദ്രസമ്പത്തിന് ഭീഷണിയാകുന്നതെന്ന് കണ്ടെത്താനാകും.

സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സന്ധ്യ സുകുമാരന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘമാണ് പുതുതലമുറ ശ്രേണീകരണ സാങ്കേതിവിദ്യകളുപയോഗിച്ച് ഈ നേട്ടം സ്വന്തമാക്കിയത്. അതിർത്തികൾ കടന്നു സഞ്ചരിക്കുന്ന മത്സ്യമായതിനാൽ സർട്ടിഫിക്കേഷൻ പോലുള്ളവയ്ക്ക് മത്തിയുടെ ഉറവിടസ്ഥലമേതെന്ന് കണ്ടെത്താനും എവിടെനിന്ന് പിടിച്ചതാണെന്ന് തിരിച്ചറിയാനും ജനിതകവിവരങ്ങൾ സഹാകരമാകും. മത്തിയെന്ന് പൊതുവെ വിളിക്കപ്പെടുന്ന ഇന്ത്യൻ ഓയിൽ സാർഡിന്റെ രണ്ട് പ്രധാന സ്റ്റോക്കുകളാണ് (വംശം) ശാസ്ത്രജ്ഞർ ഈ പഠനത്തിലൂടെ കണ്ടെത്തിയത്. ഇന്ത്യ, ഒമാൻ തീരങ്ങളിലുള്ളവയാണ് ഈ രണ്ട് സ്റ്റോക്കുകൾ.

മത്തിയിലടങ്ങിയിട്ടുള്ള ഒമേഗ3 ഉൾപ്പെടെയുള്ള പോഷകസമ്പുഷ്ട്മായ ഘടകങ്ങളുടെ ജനിതകസ്വഭാവവും കണ്ടെത്തിയിട്ടുണ്ട്. മനുഷ്യരുടെ ആരോഗ്യസംരക്ഷണത്തിന് വളരെയേറെ ഗുണംചെയ്യുന്ന പോഷകമൂല്യമടങ്ങുന്ന മത്സ്യമാണ് മത്തി. ഈ ഘടകങ്ങൾ ചേർത്തുള്ള പോഷകസമൃദ്ധമായ ഭക്ഷ്യപൂരകങ്ങളുടെ (ഫുഡ് സപ്ലിമെന്റ്) നിർമാണമുൾപ്പെടെയുള്ള സാധ്യതകളിലേക്ക് ഈ നേട്ടം വഴിതുറക്കും. മത്തിയുടെ ഈ ജീനുകളെ വേർതിരിച്ച് മറ്റ് മീനുകളിലേക്ക് സന്നിവേശിപ്പിക്കാനും ഭാവിയിൽ കഴിഞ്ഞേക്കും.

മത്തിയുടെ 46,316 പ്രോട്ടീൻ ജനിതകഘടനകളുടെ ശ്രേണീകരണമാണ് സിഎംഎഫ്ആർഐ ഗവേഷകർ നടത്തിയത്. ഈ പഠനം ഏറെ പ്രശസ്തമായ അന്താരാഷ്ട്ര ജേർണലായ നേച്ചറിന്റെ സയന്റിഫിക് ഡേറ്റയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കെ.വി.വി.ഇ.എസിന്റെ നേതൃത്വത്തിൽ 17 ന് സൗജന്യ മൾട്ടി മെഗാ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെ.വി.വി.ഇ.എസ്) സിറ്റി നോർത്ത് യൂണിറ്റ് അമൃത മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്ററുമായി സഹകരിച്ച് സൗജന്യ മൾട്ടി മെഗാ മെഡിക്കൽ ക്യാംപ് നടത്തും.

സെപ്തംബർ 17 ഞായറാഴ്ച രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് രണ്ടു വരെ വടുതല ഡോൺബോസ്കോ ഓഡിറ്റോറിയത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൊച്ചി മേയർ എം അനിൽകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. കൊച്ചി കോർപ്പറേഷൻ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി കെ അഷ്റഫ് മുഖ്യാതിഥിയാകും. ജനറൽ മെഡിസിൻ, ജനറൽ സർജിറി, ശിശുരോഗം, നേത്രരോഗം, ദന്തരോഗം എന്നി വിഭാഗങ്ങൾ കൂടാതെ ആയുർവ്വേദം, ഹോമിയോ എന്നി വിഭാഗങ്ങളിലും ക്യാമ്പിൽ സേവനം ലഭിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ തുടർ ചികിൽസ ആവശ്യമായി വരുന്നവർക്ക് ലഭ്യമാക്കുകയും അത്യാവശ്യ മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്യും.

രക്തദാന സന്നദ്ധ സേനയ്ക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി വിവര രേഖരണവും ക്യാംമ്പിൽ നടക്കും. ക്യാമ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് രാവിലെ 11 നും വൈകിട്ട് അഞ്ചിനും ഇടയിൽ 04842400581 (ഓഫിസ്) എന്ന നമ്പറിലോ കെവിവിഇഎസ് സിറ്റി നോർത്ത് യൂണിറ്റ് അംഗങ്ങളുടെ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് മുൻ കൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## സമഗ്ര സിനിമ, ടെലിവിഷൻ നയം രൂപീകരിക്കും: മന്ത്രി സജി ചെറിയാൻ

**തിരുവനന്തപുരം:** ലിംഗ നീതിയും തുല്യതയും ഉറപ്പാക്കിയുള്ള സമഗ്ര സിനിമ, ടെലിവിഷൻ നയത്തിന് ഉടൻ അന്തിമ രൂപം നൽകുമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മലയാളം ടെലിവിഷൻ സീരിയൽ രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിന് കേരള വനിത കമ്മിഷൻ തിരുവനന്തപുരം പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച പബ്ലിക് ഹിയറിംഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തൊഴിൽ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന്റെ ഭാഗമായി അതതു മേഖലകളിൽ പണിയെടുക്കുന്ന ആളുകളുടെ അഭിപ്രായങ്ങൾ കേൾക്കാനും സ്വീകരിക്കാനുമാണ് പബ്ലിക് ഹിയറിംഗ് ഒരുക്കിയത്. സംസ്ഥാനമൊട്ടാകെ ഇത്തരത്തിൽ പതിനൊന്ന് ഹിയറിംഗുകളാണ് വനിത കമ്മീഷൻ സംഘടിപ്പിക്കുന്നത്. സ്ത്രീകളുടെ ഉന്നമനവും സംരക്ഷണവും ലക്ഷ്യമാക്കി 1996ലാണ് വനിതാകമ്മീഷൻ രൂപീകരിക്കുന്നത്.

നമ്മുടെ ജനാധിപത്യ പ്രക്രിയയുടെ പുരോഗമന ചിന്തയുടെയും ഭാഗമായി സ്ത്രീകൾ എല്ലാ മേഖലയിലേക്കും കടന്നു വരുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ സേനാ വിഭാഗങ്ങളിലുൾപ്പെടെ പരമ്പരാഗതമായി പുരുഷന്മാർ തൊഴിലെടുത്ത പല തസ്തികകളിലും സ്ത്രീകൾക്ക് നിയമനം അനുവദിച്ചു. തുല്യത നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമപരവും ഭരണപരവുമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. അതിന്റെ ഭാഗമായിട്ടാണ് വനിതാ സീരിയൽ താരങ്ങളുടെ അഭിപ്രായം തേടുന്നത്. ഈ മേഖലയൽ അടക്കം വിവേചനങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. വിവേചനത്തോടെയുള്ള തൊഴിൽ നിഷേധവും അതിക്രമങ്ങളും അനുവദിക്കില്ല. സിനിമ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കി തയാറാക്കിയ ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ തുടർച്ചയെന്നോണം ടെലിവിഷൻ സീരിയൽ രംഗത്തുള്ളവർക്കും സുരക്ഷയൊരുക്കുക എന്നതാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. ഇതിന്റെ സമഗ്രതയ്ക്കായി ഉടൻ തന്നെ കോൺക്ലേവ് സംഘടിപ്പിക്കും.

തെരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിലും സംരംഭകത്വങ്ങളിലും വനിത പ്രാതിനിധ്യം വർധിക്കുന്ന സാഹചര്യം പ്രതീക്ഷ നൽകുന്നു. തുല്യതയ്ക്കായി പൊതു സമൂഹത്തിന്റെ മനോഭാവം ഘട്ടം ഘട്ടമായി പൂർണമായി മാറുന്നതിന് വനിത കമ്മീഷൻ നേതൃത്വം നൽകുന്ന പരിപാടി സഹായകരമാകുമെന്നും മന്ത്രി പറഞ്ഞു.

സ്ത്രീകളുടെ സാമൂഹിക പദവി മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് അധ്യക്ഷത വഹിച്ച വനിത കമ്മിഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി പറഞ്ഞു. പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി 11 മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരത്തിനായി സർക്കാരിനു ശിപാർശ നൽകും. സീരിയൽ മേഖലയിലെ സംഘടനകൾ പബ്ലിക് ഹിയറിംഗുമായി സഹകരിക്കുന്നതിന് മുന്നോട്ടുവന്നത് അഭിനന്ദനാർഹമാണെന്നും വനിത കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

വനിത കമ്മീഷൻ അംഗങ്ങളായ അഡ്വ. ഇന്ദിര രവീന്ദ്രൻ, വി.ആർ. മഹിളാമണി, കേരള വനിതാ കമ്മിഷൻ ഡയറക്ടർ ഷാജി സുഗുണൻ, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി സോണിയ വാഷിംഗ്ടൺ, പ്രൊജക്ട് ഓഫീസർ എൻ. ദിവ്യ, സിനിമ, ടെലിവിഷൻ രംഗത്തെ സംവിധായകർ, അഭിനേതാക്കൾ, സ്ക്രിപ്റ്റ് റൈറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഗ്രീൻഫീൽഡ് ദേശീയപാത: മുഴുവൻ ചെലവും കേന്ദ്രം വഹിക്കും

### തുടർ നടപടി സ്തംഭിച്ചത് സംസ്ഥാന സർക്കാരിന്റെ അനാസ്ഥ

**കൊല്ലം:** പാരിപ്പള്ളി കടമ്പാട്ടുകോണത്ത് നിന്നാരംഭിക്കുന്ന ഗ്രീൻ ഫീൽഡ് ദേശീയപാതയുടെ തുടർ പ്രവർത്തനങ്ങൾ സ്തംഭനത്തിൽ. ഭൂമി ഏറ്റെടുക്കുന്നതിന്റെ മുഴുവൻ ചെലവും കേന്ദ്ര സർക്കാർ വഹിക്കുന്നതിനു പകരമായി റോഡ് നിർമാണത്തിന് ആവശ്യമായ പാറ, മെറ്റൽ തുടങ്ങിയവയുടെ ജിഎസ്ടി ഒഴിവാക്കണമെന്ന ആവശ്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം എടുക്കാത്തതാണു പ്രതിസന്ധിക്കു കാരണം. ഇതോടെ, പാതയ്ക്ക് സ്ഥലം വിട്ടു നൽകുന്ന ഭൂവുടമകൾ വെട്ടിലായി. പാതയ്ക്ക് ഏറ്റെടുക്കുന്ന വസ്തുവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം നവംബറിൽ 3 എ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 8 വില്ലേജുകളിൽ വസ്തു ഏറ്റെടുത്തുകൊണ്ടുള്ള 3 ഡി വിജ്!പനവും ഇറക്കി. മിക്കയിടത്തും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു.



ഇതോടെ ഭൂമിയുടെ കൈമാറ്റം, പണയപ്പെടുത്തൽ തുടങ്ങിയവ സാധ്യമല്ലാതായി. ഒട്ടേറെപ്പേരുടെ വീടും വസ്തുവും പൂർണമായി നഷ്ടപ്പെടുന്നുണ്ട്. 3 ഡി വിജ്ഞാനം പുറപ്പെടുവിച്ച സ്ഥലങ്ങളിൽ 2 മാസത്തിനകം നഷ്ടപരിഹാരത്തുക നൽകുമെന്നും തുടർന്നു 2 മാസത്തിനകം സ്ഥലം ഒഴിഞ്ഞു നൽകണമെന്നുമാണ് ഉദ്യോഗസ്ഥർ പറഞ്ഞത്. വീട് നഷ്ടപ്പെടുന്നവർ പകരം വസ്തു വാങ്ങുന്നതിന് കടം വാങ്ങിയും മറ്റും അഡ്വാൻസ് നൽകി കരാർ എഴുതിയിരുന്നു. 6 മാസമാണ് കരാർ കാലാവധി . ഇത് കഴിയാറായി. മക്കളുടെ വിദ്യാഭ്യാസ ആവശ്യത്തിനോ വിവാഹത്തിനോ വസ്തു പണയപ്പെടുത്തി വായ്പ എടുക്കാൻ കഴിയാതെ വലയുന്നവരും ജാമ്യമായി വസ്തു നൽകാൻ കഴിയാത്തതിനാൽ ചിട്ടിയുടെ പണം വാങ്ങാൻ കഴിയാത്തവരും ഉണ്ട്.

ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾ 15 രേഖകളാണ് സമർപ്പിക്കേണ്ടത്. വസ്തു പൂർണമായി നഷ്ടപ്പെടുന്ന പലരും വിദേശത്ത് നിന്നു നാട്ടിലെത്തിയാണ് രേഖകൾ സംഘടിപ്പിച്ച് സ്പെഷൽ തഹസിൽദാരുടെ ഓഫിസിൽ സമർപ്പിച്ചത്. പകരം വസ്തു വാങ്ങി വീടു നിർമാണം ആരംഭിക്കേണ്ടതുണ്ട്. നഷ്ടപരിഹാരം ലഭിക്കാത്തതിനാൽ മടങ്ങിപ്പോകാൻ കഴിയാതെ ജോലി നഷ്ടപ്പെട്ടവരും ഉണ്ട്. വസ്തു ഏറ്റെടുത്ത് അടിയന്തരമായി പണം നൽകുകയോ, വിജ്ഞാപനം റദ്ദു ചെയ്തു തങ്ങളെ ഒഴിവാക്കുകയോ വേണമെന്നാണ് വസ്തു ഉടമകൾ ആവശ്യപ്പെടുന്നത്. ജില്ലാ അതിർത്തിയായ പാരിപ്പള്ളി കടമ്പാട്ടുകോണത്ത് നിന്നാരംഭിച്ച് പള്ളിക്കൽ, ചടയമംഗലം വഴി ആര്യങ്കാവ് വരെ 59 കിലോമീറ്റർ ആണ് ദൂരം.

4000 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് 2000 കോടിയും നിർമാണത്തിന് 2,000 കോടിയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 15 വില്ലേജുകളിലൂടെയാണ് പാത കടന്നു പോകുന്നത്. ഇതിൽ 4 വില്ലേജുകൾ തിരുവനന്തപുരം ജില്ലയിലാണ്. കഴിഞ്ഞ വർഷം നവംബറിൽ 3 എ വിജ്ഞാപനം ഇറങ്ങി. പിന്നീട് 8 വില്ലേജുകളിൽ വസ്തു സർക്കാരിൽ നിക്ഷിപ്തമാക്കി കൊണ്ടുള്ള 3ഡി വിജ്ഞാപനവും പുറപ്പെടുവിച്ചു. ഏരൂർ, അലയമൺ, അഞ്ചൽ, കോട്ടുക്കൽ, ഇട്ടിവ, ചടയമംഗലം നിലമേൽ (ഭാഗികം) വില്ലേജുകൾ 3 ഡി വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ട്.

3 എ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം 3ഡി വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും 3എ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടി വരും. വസ്തുവിന്റെ വില നിർണയം, കെട്ടിടങ്ങൾ, വൃക്ഷങ്ങൾ, കൃഷി എന്നിവയുടെ നഷ്ടപരിഹാരം നിർണയിക്കുന്ന ജോലിയും ഏറക്കുറെ പൂർത്തിയായി. എന്നാൽ വനമേഖലയിലെ അലൈൻമെന്റ് സംബന്ധിച്ച് റവന്യു വിഭാഗത്തിന് അറിയിപ്പു നൽകിയിട്ടില്ലാത്തതിനാൽ അവിടെ സർവേ നടപടികളോ അതിർത്തിക്കല്ല് ഇടലോ നടന്നിട്ടില്ല.

## കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി

### ഇതുവരെ ഏറ്റെടുത്തത് 1223.8 ഏക്കർ

**കൊച്ചി:** കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിക്കായുള്ള ഭൂമി ഏറ്റെടുക്കൽ 2023 അവസാനത്തോടെ പൂർത്തിയാകുമെന്ന് ഡെപ്യൂട്ടി കലക്ടർ അറിയിച്ചു. ഇതിനായി പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ നിലവിൽ ലഭിച്ച 1774.5 ഏക്കറിൽ 1223.8 ഏക്കർ ഭൂമി ഏറ്റെടുത്തു. കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിക്കായി കിഫ്ബിക്ക് ആവശ്യമായി വരുന്നത് 2185 ഏക്കർ ഭൂമിയാണ്. നഷ്ടപരിഹാരം നൽകാൻ 2608 കോടി രൂപ കിഫ്ബി നീക്കിവെച്ചു.

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങൾ ബന്ധിപ്പിച്ചു കൊണ്ട് 10000 കോടിയുടെ നിക്ഷേപവും 10000 തൊഴിലവസരവും ലക്ഷ്യമിടുന്ന പദ്ധതിയാണ് കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി. തൃശ്ശൂർവാളയാർ ദേശീയപാത544 നോട് ചേർന്ന് കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, വെസ്റ്റ് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന വ്യവസായ പാർക്കിൽ ഭക്ഷ്യസംസ്കരണം, ഇലക്ട്രോണിക്, ഐ.ടി, പരമ്പരാഗത ഉത്പന്നം എന്നിവയുടെ യൂണിറ്റ്, ലോജിസ്റ്റിക് പാർക്ക്, സംഭരണ കേന്ദ്രം, ശീതീകരണ സംഭരണശാല എന്നിവ സജ്ജമാക്കും.

ഭൂമി വിട്ടു നൽകിയ 1131 പേരിൽ 783 പേർക്ക് കിഫ്ബി മുഖേന 1323.59 കോടി രൂപ നഷ്ടപരിഹാരം നൽകി. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതമാണ് ഓഹരി. സംസ്ഥാനം ഭൂമിയും കേന്ദ്രം പാർക്കും ഒരുക്കും. പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്ററും(ഐ.എം.സി) കൊച്ചിയിൽ കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രീസ് ഫിനാൻസ് ആൻഡ് ട്രേഡ്(ജി.ഐ.എഫ്.ടി) സിറ്റിയുമാണ് വരുന്നത്. ചെന്നൈബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കേരളത്തിലേക്ക് ദീർഘിപ്പിച്ചാണ് 3600 കോടിയുടെ പദ്ധതി 2019ൽ പ്രഖ്യാപിച്ചത്. 2021ൽ ഭൂമി ഏറ്റെടുക്കൽ തുടങ്ങി.

## സമ്പൂർണ വാക്സിനേഷൻ യജ്ഞം രണ്ടാം ഘട്ടം ആരംഭിച്ചു

**പത്തനംതിട്ട:** ഗർഭിണികൾ,കുട്ടികൾ എന്നിവരിൽ പ്രതിരോധകുത്തിവെപ്പ് എടുക്കാത്തവർക്കും ഭാഗികമായി മാത്രം എടുത്തവർക്കും കുത്തിവെപ്പ് നൽകുന്ന മിഷൻ ഇന്ദ്രധനുഷ് വാക്സിനേഷൻ യജ്ഞത്തിന്റെ രണ്ടാംഘട്ടത്തിന് തുടക്കമായെന്ന് ജില്ലാമെഡിക്കൽ ഓഫീസർ ഡോ.എൽ.അനിതകുമാരി അറിയിച്ചു. ഓഗസ്റ്റിൽ നടന്ന ആദ്യ ഘട്ട ക്യാംപയിനിൽ ജില്ലയിലെ 2189 കുട്ടികളും 449 ഗർഭിണികളും വാക്സിൻ സ്വീകരിച്ചു. കുത്തിവെപ്പ് എടുക്കാത്തവരുടെ പ്രദേശങ്ങൾ തിരിച്ച് അവിടുത്തെ ആരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് വാക്സിൻ നൽകുന്നത്. കുത്തിവെപ്പ് എടുക്കാത്തവരുടെയും ഭാഗികമായി കുത്തിവെപ്പ് എടുത്തിട്ടുള്ളവരുടെയും പട്ടിക ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 2023 അവസാനത്തോടെ അഞ്ചാംപനി, റൂബെല്ല എന്നിവയടക്കമുള്ള കുത്തിവെപ്പ് വഴി തടയാവുന്ന രോഗങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള യജ്ഞമാണ് നടക്കുന്നത്. പല തരത്തിലുള്ള അസൗകര്യം കാരണം വാക്സിൻ എടുക്കാൻവിട്ടു പോയിട്ടുള്ള അഞ്ചു വയസുവരെ പ്രായമുള്ള കുട്ടികളും ഗർഭിണികളും വാക്സിൻ സ്വീകരിക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

# 'ടൂത്ത് ഇൻ ഐ' ശസ്ത്രക്രിയ നടത്തി ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട്

**കൊച്ചി:** കാഴ്ച വീണ്ടെടുക്കുന്നതിനായി കൃത്രിമ ലെൻസ് പല്ലിന്റെ സഹായത്തോടെ കണ്ണിൽ ഘടിപ്പിക്കുന്ന ആധുനിക ശസ്ത്രക്രിയ സംസ്ഥാനത്ത് ആദ്യമായി ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു.സ്റ്റീവൻ സ്ജോൺസൺ സിൻഡ്രോം എന്ന അസുഖം കാരണം രണ്ട് കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ട 49 കാരിയായ സ്ത്രീയിലാണ് വിജയകരമായി സർജറി പൂർത്തിയാക്കിയത്. ശസ്ത്രക്രിയയെത്തുടർന്ന് അവർ കാഴ്ചശക്തി വീണ്ടെടുത്തു കഴിഞ്ഞതായി ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ. എ. ഗിരിധർ പറഞ്ഞു.രോഗിയിൽ നടത്തിയ നേത്ര ശസ്ത്രക്രിയയായ മോഡിഫൈഡ് ഓസ്റ്റിയോഓഡോന്റോകെരാറ്റോപ്രോസ്തെസിസ് (ഞഛഛഗജ) സങ്കീർണ്ണമായ പ്രക്രിയയാണന്ന് ചീഫ് കോർണിയ സർജൻ ഡോ.വിനയ്.എസ്. പിള്ള പറഞ്ഞു.കഠിനമായ അലർജിയോ അണുബാധയോ കാരണം, കണ്ണിന്റെ ഉപരിതലവും കോർണിയയും നശിക്കുന്ന അവസ്ഥയാണ്

സ്റ്റീവൻസ്ജോൺസൺ സിൻഡ്രോം. ഈ രോഗികളിൽ സാധാരണ കോർണിയൽ ട്രാൻസ്പ്ലാന്റ് വിജയകരമല്ല. അതിനാലാണ് പ്രത്യേക ശാസ്ത്രക്രിയ നടത്താൻ തീരുമാനിച്ചത്.കണ്ണിന്റെ ഉപരിതലം പൂർണ്ണമായും തകരാറിലായ അവസ്ഥയിൽ ശസ്ത്രക്രിയയിലൂടെ ഉപരിതലത്തെ പുനസൃഷ്ടിക്കുകയാണ് ചെയ്യുന്നത്.ഒരു സിന്തറ്റിക് ലെൻസ് (ഒപ്റ്റിക് സിലിണ്ടർ) രോഗിയുടെ പല്ലിലേക്ക് ഘടിപ്പിച്ച ശേഷം പിന്നീട് അത് കണ്ണിലേക്ക് പറിച്ചുനടുന്നു. തുടർന്ന് വായയുടെ ആന്തരിക പാളിയായ ബക്കിൾ മ്യൂക്കോസ നീക്കം ചെയ്യുകയും അതിന് മുകളിൽ സ്ഥാപിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയയിലൂടെ, രോഗിക്ക് വ്യക്തമായി കാഴ്ച നൽകുന്ന ഒപ്റ്റിക്കൽ പ്രതലം പുതുതായി സൃഷ്ടി



ക്കുന്നു. നടപടിക്രമങ്ങൾ വിശദീകരിച്ച് ഡോ.വിനയ്.എസ് പിള്ള പറഞ്ഞുഈ സങ്കീർണ്ണമായ ശസ്ത്രക്രിയക്ക് ആവശ്യമായ സാങ്കേതിക ഉപകരണങ്ങളുള്ള ഓപ്പറേഷൻ തീയറ്ററും കോർണിയ സ്പെഷ്യലിസ്റ്റുകൾ, ഒക്യുലോപ്ലാസ്റ്റിക്, ഗ്ലോക്കോമ, റെറ്റിന വിദഗ്ദ്ധർ, ദന്തരോഗ വിദഗ്ദർ അനസ്തേഷ്യ വിദഗ്ദ്ധർ എന്നിവരുൾപ്പെട്ട ഡോക്ടർമാരുടെ സംഘവും ആശുപത്രിയിൽ സജ്ജമായിട്ടുണ്ടെന്ന് ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ. എ. ഗിരിധർ പറഞ്ഞു.യുവത്വത്തിൽ തന്നെ രണ്ട് കണ്ണുകളിലും, കാഴ്ച നഷ്ടപ്പെടുന്ന ഇത്തരം അവസ്ഥകളുണ്ടാവാം.

സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഇത്തരം ശസ്ത്രക്രിയകൾ ചെലവ് ചുരുക്കി നടത്താൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സീനിയർ കൺസൾട്ടന്റും വിട്രിയോ റെറ്റിന ഡിപാർട്ട്മെന്റ് തലവനുമായ ഡോ. ജി മഹേഷ് പറഞ്ഞു.ഡോ. പുഷ്പ സൂസൻ ഐസക്, വേദ ഡെന്റൽ ക്ലിനിക്കിലെ ഓറൽ സർജൻമാരായ ഡോ. വിദ്യാ പരമേശ്വരൻ, മാക്സിലോ ഫേഷ്യൽ സർജൻ ഡോ. മാത്യു ജെയിംസ് എന്നിവരും ശസ്ത്രക്രിയ നടപടികളിൽ പങ്കെടുത്തു.

# സോണി ബ്രാവിയ എക്സ്ആർ മാസ്റ്റർ സീരിസ് എ95എൽ ഒഎൽഇഡി അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യ പുതിയ ഒഎൽഇഡി പാനലിനൊപ്പം കോഗ്നിറ്റീവ് പ്രോസസർ എക്സ്ആർ കരുത്തേകുന്ന പുതിയ ബ്രാവിയ എക്സ്ആർ മാസ്റ്റർ സീരിസ് എ95എൽ ഒഎൽഇഡി അവതരിപ്പിച്ചു. 164 സെ.മീ (65), 139 സെ.മീ (55) എന്നീ രണ്ട് സ്ക്രീൻ വലുപ്പങ്ങളിലാണ് പുതിയ ബ്രാവിയ എക്സ്ആർ മാസ്റ്റർ സീരിസ് എ95എൽ ഒഎൽഇഡി പുറത്തിറക്കിയിരിക്കുന്നത്.അവിശ്വസനീയമാം വിധം മനുഷ്യർ കാണുകയും കേൾക്കുകയും ചെയ്യുന്ന രീതിയിൽ ഉള്ളടക്കം പുനരാവിഷ്കരിക്കുന്നതാണ് സോണി ബ്രാവിയ എക്സ്ആർ ടിവികളിലെ പ്രോസസർ. മനുഷ്യന്റെ കണ്ണ് എങ്ങനെ ഫോക്കസ് ചെയ്യുന്നുവെന്നതുൾപ്പെടെ ഇത് മനസിലാക്കുന്നു. എക്സ്ആർ പ്രോസസ്സർ എക്സ്ആർ വഴി ഉപഭോക്താക്കൾ കാണുന്നതെന്തും 4കെ നിലവാരത്തിലേക്ക് ഉയർത്താൻ കോഗ്നിറ്റീവ് പ്രോസസർ എക്സ്ആർ സഹായിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എക്സ്ആർ ഒഎൽഇഡി കോൺട്രാസ്റ്റ് പ്രോ ആണ് ഒഎൽഇഡിപാനലിനെ ശക്തിപ്പെടുത്തുന്നത്. വിശാലമായ നിറങ്ങൾ നൽകാൻ എ95എലിനെ പ്രാപ്തമാക്കുന്നതാണ് എക്സ്ആർ ട്രൈലുമിനോസ് മാക്സ്. 4കെ 120എഫ്പിഎസ്, വേരിയബിൾ റിഫ്രഷ് റേറ്റ് (വിആർആർ), ഓട്ടോ ലോ ലേറ്റൻസി മോഡ്, ഓട്ടോ എച്ച്ഡിആർ ടോൺ ഓട്ടോ ഗെയിം മോഡ് എന്നിവയുൾപ്പെടെ എച്ച്ഡിഎംഐ 2.1 കോംപാറ്റിബിലിറ്റിയുമായാണ് എ95എൽ എത്തുന്നത്. എളുപ്പത്തിൽ ഉപ



യോഗിക്കാവുന്ന ഗെയിം മെനുവാണ് മറ്റൊരു പ്രത്യേകത. ബ്രാവിയ കോർ ആപ്പ്, ബ്രാവിയ ക്യാം, ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, അക്കോസ്റ്റിക് സർഫേസ് ഓഡിയോ പ്ലസ്, ഗൂഗിൾ ടിവി തുടങ്ങിയ ഫീച്ചറുകളും ബ്രാവിയ എ95എൽ ഒഎൽഇഡി ടിവിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.എക്സ്ആർ55എ95എൽ മോഡലിന് 3,39,990 രൂപയും, എക്സ്ആർ65എ95എൽ മോഡലിന് 4,19,990 രൂപയുമാണ് വില. 2023 സെപ്റ്റംബർ 11 മുതൽ ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും ഇത് ലഭ്യമാണ്.

# പോക്കറ്റ് എയ്സും സിപ്ലയും ഒരുമിക്കുന്നു

കൊച്ചി:ഷോർട്ട്ഫോം ഉള്ളടക്ക ചാനലായ ഫിൽട്ടർകോപ്പിയ്ക്കുവേണ്ടി ഒന്നിലധികം സ്കെച്ചുകൾ സൃഷ്ടിക്കുന്നതിനായിഇന്ത്യയിലെ പ്രമുഖ ഡിജിറ്റൽ വിനോദ കമ്പനികളിലൊന്നായ പോക്കറ്റ് എയ്സുമായി സിപ്ല ലിമിറ്റഡിന്റെ ബെറോക്ക് സിന്ദഗി ഒരുമിക്കുന്നു. സ്റ്റോറികൾ സൃഷ്ടിച്ചെടുക്കുന്നതിലും വികസിപ്പിക്കുന്നതിലും പോക്കറ്റ് എയ്സിനുള്ള വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിലൂടെ, തങ്ങളുടെ ഏറ്റവും വലിയ പൊതുജന, രോഗീ ബോധവൽക്കരണ കാമ്പയിൻ മിഷൻ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി സിപ്ല കമ്പനി അധികൃതർ വ്യക്തമാക്കി. ആസ്തമയുമായി ബന്ധപ്പെട്ട മിഥ്യകൾ ഇല്ലാതാക്കുക, ഇൻഹേലറിനുള്ള സ്വീകാര്യത വർദ്ധിപ്പിക്കുക, ആസ്ത്മ രോഗികളെ ബെറോക്ക് സിന്ദഗി (ആർക്കും തടയാനാവാത്ത ജീവിതം) ജീവിക്കാൻ പ്രചോദിപ്പിക്കുക എന്നിവയാണ് കാമ്പയിന്റെ ലക്ഷ്യമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# നോർവേ ഇന്ത്യ വിജ്ഞാന വിനിമയ പരിപാടി: ഇന്ത്യൻ സംഘം നോർവെയിൽ




കൊച്ചി: നോർവേ ഇന്ത്യ വിജ്ഞാന പരിപാടിയിൽ പങ്കെടുത്ത ഇന്ത്യൻ എംപിമാരുടെ സംഘത്തിൽ കേരളത്തിൽ നിന്ന് ഹൈബി ഈഡൻ എംപിയും. 2018 ഡിസംബറിൽ നോർവീജിയൻ സർക്കാർ തയാറാക്കിയ നോർവേഇന്ത്യ സ്ട്രാറ്റജി 2030ന്റെ ഭാഗമായാണ് ഇന്ത്യൻ സംഘം നോർവേയിലെത്തിയത്. ജനാധിപത്യവും നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ലോകക്രമവും,സമുദ്രങ്ങൾ, ഊർജ്ജം, കാലാവസ്ഥയും പരിസ്ഥിതിയും, ഗവേഷണം, ഉന്നത വിദ്യാഭ്യാസം, ആഗോള ആരോഗ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള നോർവേഇന്ത്യ 2030 രൂപപ്പെടുത്തിയിരിക്കുന്നത്. ഈ വിഷയങ്ങളിലെല്ലാം വിജ്ഞാന വിനിമയ പരിപാടിയുടെ ഭാഗമായി ചർച്ചകൾ നടന്നതായി ഹൈബി ഈഡൻ എംപി പറഞ്ഞു.നോർവീജിയൻ തലസ്ഥാനമായ ഓസ്ലോ നഗരത്തിലായിരുന്നു വിജ്ഞാന വിനിമയ പരിപാടി നടന്നത്. നോർവീജിയൻ വിദേശകാര്യ ഉപ മന്ത്രി ആൻഡ്രിയാസ് ക്രാവികുമായി സംഘം കൂടിക്കാഴ്ച നടത്തി. അവിടെ തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന സമയമായതിനാൽ അവിടുത്തെ തിരഞ്ഞെടുപ്പ് രീതികളെ കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചതായി ഹൈബി ഈഡൻ പറഞ്ഞു. ഓസ്ലോ മേയർ മരിയൻ ബോർഗനുമായും സംഘം കൂടിക്കാഴ്ച നടത്തി.ഹൈഡ്രജൻ മൂല്യ ശൃംഖലകളുടെ വികസനത്തിന് ആവശ്യമായ ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ, ചട്ടക്കൂടുകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി നോർവേ സംഘടിപ്പിക്കുന്ന എച്ച് 2 കോൺഫറൻസിലും സംഘം പങ്കെടുത്തു. ഹരിത ഭാവിയിലേക്കുള്ള പരിവർത്തനത്തിൽ ഹൈഡ്രജനെ ഒരു പ്രധാന പരിഹാരമാക്കി മാറ്റുന്നത് സംബന്ധിച്ച ചർച്ചകൾ കോൺഫറൻസിൽ നടന്നു. ഹൈബി ഈഡനെ കൂടാതെ തേജസ്വി സൂര്യ (ബിജെപി), പ്രിയങ്ക ചതുർവേദി (ശിവസേന) എന്നീ എംപിമാരും സംഘത്തിലുമായിരുന്നു

# തൃശ്ശൂരിൽ വനിതാ ജീവനക്കാർ മാത്രമുള്ള ശാഖ തുറന്ന് എച്ച്ഡിഎഫ്സി ബാങ്ക്

HDFC BANK
We understand your world

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക്, തൃശ്ശൂരിൽ വനിതകൾ മാത്രമുള്ള അതിന്റെ ആദ്യത്തെ ശാഖ തുറക്കുന്നതായി പ്രഖ്യാപിച്ചു. പെരിങ്ങാവിൽ സ്ഥിതി ചെയ്യുന്ന ശാഖയിൽ നാല് വനിതാ ജീവനക്കാർ ഉായിരിക്കും. ദക്ഷിണേന്ത്യയിൽ എച്ച്ഡിഎഫ്സി ബാങ്ക് തുറന്ന വനിതാ ജീവനക്കാർ മാത്രമുള്ള ശാഖകളുടെ കൂട്ടത്തിലേക്ക് ഇത് ചേരുകയാണ്. കോഴിക്കോടിന് ശേഷം കേരളത്തിലെ ഇത്തരത്തിലുള്ള രാമത്തെ ശാഖയാണിത്.എച്ച്ഡിഎഫ്സി ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ശശിധർ ജഗദീശൻ ശാഖ ഉദ്ഘാടനം ചെയ്തു.

# ഫാഷൻ ഡിസൈൻ പരിശീലനം

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അസാപ്കേരള ഫാഷൻഡിസൈൻ പരിശീലനം ആരംഭിക്കുന്നു. ഇതിന് മുന്നോടിയായി സെപ്റ്റംബർ 18ന് കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഏകദിന ശില്പശാല സംഘടിപ്പിക്കും. പ്ലസ് 2 കഴിഞ്ഞവർക്കും / ഡിഗ്രി കഴിഞ്ഞവർക്കും തൊഴിൽ അന്വേഷകർക്കും ശില്പശാലയിൽ പരിശീലനം നൽകും. പ്രവേശനംസൗജന്യം. കൂടുതൽ വിവരങ്ങൾക്കായി :9778598336 , 9995618202, 9495219570.

## സാഗിൾ പ്രീപെയ്ഡ് ഓഷ്യൻ സർവീസസ് ഐപിഒ സെപ്റ്റംബർ 14 മുതൽ

**കൊച്ചി:** സാഗിൾ പ്രീപെയ്ഡ് ഓഷ്യൻ സർവീസസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) സെപ്റ്റംബർ 14 മുതൽ 18 വരെ നടക്കും. 392 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 10,449,816 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 156 രൂപ മുതൽ 164 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 90 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഫെഡറൽ ബാങ്കിന്റെ സൗജന്യ തൊഴിലധിഷ്ഠിത കോഴ്സ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടിയുടെ ഭാഗമായുള്ള ഫിനാൻഷ്യൽ അക്കൗണ്ടിങ് ആന്റ് ടാലി പ്രൈം, ജെറിയാട്രിക് കെയർ അസിസ്റ്റന്റ് (വയോജന പാരിസിയിലാണ പരിചരണം) എന്നീ കോഴ്സുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.ഇടുക്കി ജില്ലയിൽ നിന്നുള്ള വനിതകൾക്കു മാത്രമാണ് സൗജന്യ ഫിനാൻഷ്യൽ അക്കൗണ്ടിങ് ആന്റ് ടാലി പ്രൈം പരിശീലനം ലഭ്യമാക്കിയിരിക്കുന്നത്. കൊച്ചിയിലെ ഫെഡറൽ സ്കിൽ അക്കാഡമിയിൽ മൂന്നര മാസം നീു നിൽക്കുന്ന പരിശീലനകാലയളവിലെ താമസവും ഭക്ഷണവും സൗജന്യമാണ്. ഇടുക്കി ജില്ലക്കാരായ, ബിബിഎ/ ബികോം/ എംകോം യോഗ്യതയുള്ള, 20നും 30നുമിടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. വാർഷിക കുടുംബ വരുമാനം അഞ്ച് ലക്ഷം കവിയരുത്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://forms.gle/UWy8LMs7B94e94jZ6

വയോജന പരിചരണ പരിശീലന കോഴ്സായ ജെറിയാട്രിക് കെയർ അസിസ്റ്റന്റ് കോഴ്സിന് 20നും 40നുമിടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. വാർഷിക കുടുംബ വരുമാനം അഞ്ചു ലക്ഷം രൂപ കവിയരുത്. നാലു മാസമാണ് പരിശീലന കാലാവധി. കൊച്ചിയിലെ ഫെഡറൽ സ്കിൽ അക്കാഡമിയിലാണ് ക്ലാസുകൾ. എംപ്ലോയബിലിറ്റി സ്കിൽസ് ട്രെയിനിങ്ങും കോഴ്സിന്റെ ഭാഗമായി ലഭിക്കും. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://forms.gle/awjFc2wbU5Y4X9zY7 വിദഗ്ധരുടെ മേൽനോട്ടത്തിലുള്ള പരിശീലനം വഴി ഉദ്യോഗാർത്ഥികളെ തൊഴിൽസജ്ജരാക്കുക മാത്രമല്ല പുതിയ തൊഴിൽ കണ്ടെത്താനുള്ള സഹായവും ഫെഡറൽ സ്കിൽ അക്കാഡമി ലഭ്യമാക്കുന്നു്. കൂടുതൽ വിവരങ്ങൾക്ക്: 9895756390, 9895937154, 9747480800, 0484 4011615 എന്നീ നമ്പറുകളിൽ രാവിലെ 10 മുതൽ വൈകീട്ട് നാലു വരെ ബന്ധപ്പെടാം.

## ടെക്നോപാർക്കിൽ നാസ്കോം ഫയ: 80 സെമിനാർ 13ന്

**തിരുവനന്തപുരം:** അൺലോക്കിംഗ് ക്രിയേറ്റിവിറ്റി വിത്ത് എ.ഐ : ജി.യു.ഐ ഫോർ എ.ഐ എന്ന വിഷയം ആസ്പദമാക്കി ടെക്നോപാർക്കിലെ വിജ്ഞാന കൂട്ടായ്മയായ ഫയ: 80 സെമിനാർ സംഘടിപ്പിക്കുന്നു. അമൽ ഷെഹുവിന്റെ (സ്റ്റോറിബ്രെയിൻ സഹസ്ഥാപകൻ) നേതൃത്വത്തിൽ സെപ്റ്റംബർ 13ന് ബുധനാഴ്ച വൈകിട്ട് അഞ്ചു മുതൽ ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിങ്ങിലെ ഫയ ഫ്ളോർ ഓഫ് മാഡ്നസിലാണ് സെമിനാർ നടക്കുന്നത്. സ്റ്റേബിൾ ഡിഫ്യൂഷൻ, ലാമ2 എന്നിവ പോലുള്ള എ.ഐ മോഡലുകൾക്കായി വെബ് യു.ഐകൾ എങ്ങനെ സൃഷ്ടിക്കാമെന്നും കാര്യക്ഷമത പ്രദർശനം, ഇമേജ് ജനറേഷൻ ഷോകേസ്, എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയും സെമിനാറിൽ നടക്കും. രജിസ്ട്രേഷന്: https://faya-port80-107.eventbrite.com

# അധ്യാപികയിൽ നിന്നും റോസ് സംരംഭകയിലേക്ക്



**കൊച്ചി:** എന്നും രാവിലെ എഴുന്നേൽക്കുക, കുട്ടികളുടെ കാര്യം നോക്കുക, തിരുക്കുപിടിച്ച് ജോലി സ്ഥലത്തേക്ക് ഓടുക, തിരികെ വീണ്ടും അടുക്കളയിലെ ലോകത്തേക്ക്... ഒരേ മട്ടിൽ പോയിക്കൊണ്ടിരുന്ന ജീവിതരീതിയിൽ നിന്നും വ്യത്യസ്തമായി ഓരോ ദിനവും പുതിയതായി തുടങ്ങണമെന്ന ആഗ്രഹമാണ് ചോറ്റാനിക്കര ഐനിപ്പിള്ളി വീട്ടിൽ റോസ് ഗ്ലൈസിനിനെ ഒരു സംരംഭകയാക്കിയത്. മറ്റാരെയും ആശ്രയിക്കാതെ സ്വന്തം കാര്യം എന്തെങ്കിലും വരുമാനം നേടണമെന്ന ആഗ്രഹത്തിൽ റോസ് ബിസിനസിൻറെ പല വഴികളെയും പറ്റി ആലോചിച്ചു. ഒടുവിൻ പാചകത്തിലുള്ള താല്പര്യം എന്തുകൊണ്ട് ഒരു തൊഴിലായി മുന്നോട്ടുകൊണ്ടുപോയി ബിസിനസ് ആരംഭിച്ചാലോ എന്ന ആലോചന മനസ്സിലുദിച്ചത്. പാചകത്തിനുള്ള താൽപര്യം സ്വന്തമായി ഒരു ബോർമ്മ സംരംഭം ആരംഭിക്കാൻ റോസിന് പ്രചോദനമായി. ചോക്ലേറ്റ്, ബട്ടർ സ്കോച്ച്, സ്ട്രോബറി, മാംഗോ, പൈനാപ്പിൾ എന്നിങ്ങനെ വിവിധ രുചികളോട് കൂടിയ കേക്കുകൾ, ബ്രഡ്, ബൺ, ബട്ടർ ബൺ എന്നിവയ്ക്കും ഇന്ന് റോസിന്റെ രുചി വിഭവങ്ങൾക്ക് ആവശ്യക്കാർ എത്തുന്നുണ്ട്.

ചോറ്റാനിക്കര പഞ്ചായത്തിൽ തലക്കോട് ഫയർസ്റ്റേഷന് സമീപമാണ് ഗ്ലെസ് ബേക്ക് ഹൗസ് എന്ന പേരിൽ റോസിൻറെ സ്ഥാപനം പ്രവർത്തിക്കുന്നത്. രണ്ട് ബോർമ്മ സ്റ്റാഫും ഒരു സെയിൽ സ്റ്റാഫ് ഉൾപ്പെടെ മൂന്നുപേർ ഈ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നുണ്ട്. മുളന്തുരുത്തി ചോറ്റാനിക്കര മുതൽ ഫോർട്ട് കൊച്ചി വരെയുള്ള വിവിധ ബേക്കറികളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നുണ്ട്. ഒരു വർഷം മുമ്പാണ് ഗ്ലേസ് ബേക്ക് ഹൗസ് ആരംഭിക്കുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പുതിയ ഉത്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി ബിസിനസ് വിപുലീകരിക്കാനുള്ള ആലോചനയിലാണ് ഈ സംരംഭക. ഇവർക്ക് എല്ലാവിധ പിന്തുണയും നൽകി സ്വകാര്യ സ്ഥാപനത്തിലെ ജോലി ഉപേക്ഷിച്ച് ഭർത്താവ് ഷാനും ഒപ്പമുണ്ട്.

6.5 ലക്ഷം രൂപ ലോൺ എടുത്താണ് സംരംഭം ആരംഭിച്ചത്. സർക്കാരിന്റെയും പഞ്ചായത്തിന്റെയും പിന്തുണയോടെ പ്രൈം മിനിസ്റ്റർ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം ( പി എം ഇ ജി പി) പ്രകാരം 35% സബ്സിഡിയും ലഭിച്ചിട്ടുണ്ട്. അധ്യാപികയായും പരസ്യ കമ്പനി ജീവനക്കാരിയായും ജോലി ചെയ്തിട്ടുണ്ടെങ്കിലും ബിസിനസ് എവിടെ തുടങ്ങണം, എങ്ങനെ തുടങ്ങണമെന്ന ആശങ്ക ഉണ്ടായി. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ വിവിധ സംരംഭക പദ്ധതികൾ തുണയായതെന്നും റോസ് പറയുന്നു.

## കല്യാൺ സിൽക്സിന്റെ 'ഫാസിയോ' ഷോറൂം തൃശൂരിൽ ആരംഭിച്ചു

**തൃശൂർ:** കല്യാൺ സിൽസ്കിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന യൂത്ത് ബ്രാൻഡ് 'FAZYO' അതിന്റെ ഷോറൂം നെറ്റ് വർക്കിലെ ആദ്യ ഷോറൂം തുറന്നു. തൃശൂരിലെ സെന്റ് തോമസ് കോളേജ് റോഡിൽ ഇമ്മാട്ടി ടവേഴ്സിലെ ആദ്യഷോറൂം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു.യൂത്ത് ഫാഷനിലെ ലോക നിലവാരമുള്ള വസ്ത്ര ശ്രേണിയുമായാണ് 'FAZYO' കടന്നുവരുന്നതെന്ന് കല്യാൺ സിൽക്ക്സ് അധികൃതർ അറിയിച്ചു. 'ഫാസിയോ'എന്ന ബ്രാൻഡിൽ തന്നെയാണ് ഈ ഷോറൂമുകളിൽ വസ്ത്രങ്ങൾ ലഭിക്കുക. കേരളത്തിൽ മാത്രം അഞ്ചു വർഷം കൊണ്ട് അറുപതു ഫാസിയോ ഷോറൂമുകൾ തുറക്കാൻ പദ്ധതിയിട്ടിരിക്കുന്ന 'ഫാസിയോ' വൈകാതെ ലോക വിപണിയിലേക്കും പ്രവേശിക്കുമെന്നും അധികൃതർ അറിയിച്ചു. സെൽഫ് ചെക് ഔട്ട് കൗണ്ടറുള്ള ഈ രംഗത്തെ കേരളത്തിലെ ആദ്യ ഷോറൂമാണ് തൃശൂരിൽ ആരംഭിച്ചിരിക്കുന്നത്. അഞ്ചുവയസുമുതൽ 30 വയസുവരെയുള്ളവരെ ലക്ഷ്യം വെക്കുന്ന ഷോറൂമിൽ യുവതീയുവാക്കൾക്കുള്ള ഏറ്റവും മികച്ച മോഡേൺ ശ്രേണിയാണ് ഒരുക്കിയിരിക്കുന്നത്. 149 മുതൽ 999 രൂപവരെയാണ് വില.ആഗോള നിലവാരമുള്ള ഷോറൂമിൽ ഉയർന്ന പ്രൊഫഷണൽ സമീപനവും ഉറപ്പുവരുത്തിയിട്ടുണ്ട്. പി ബാലചന്ദ്രൻ എംഎൽഎ, കോർപ്പറേഷൻ മേയർ എംകെ വർഗീസ്, വാർഡ് കൗൺസിലർ ലീല വർഗീസ്, സിപിഐഎം ജില്ലാ സെക്രട്ടറി എംഎം വർഗീസ്, ജില്ലാ കോൺഗ്രസ് കമ്മിറ്റി (ഡിസിസി) പ്രസിഡന്റ് ജോസ് വള്ളൂർ, ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് പികെ ജലീൽ, ടിഎസ് അനന്തരാമൻ, ഫാസിയോ ഡയറക്ടർ പ്രകാശ് പട്ടാഭിരാമൻ, മഹേഷ് പട്ടാഭിരാമൻ (ഫാസിയോ ഡയറക്ടർ), കല്യാൺ ജ്വല്ലേഴ്സ് സിഎംഡി ടിഎസ് കല്യാണരാമൻ, കല്യാൺ സിൽക്സ് & ഫാസിയോ ചെയർമാൻ ടിഎസ് പട്ടാഭിരാമൻ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



'ഡെബ്കോൺഫ് 2023 '

# ഇന്ത്യയിലെ ആദ്യത്തെ ഡെബിയൻ കോൺഫറൻസിന് ഇൻഫോപാർക്കിൽ തുടക്കം

**കൊച്ചി:** ഇരുപത്തിനാലാമത് ഡെബിയൻ കോൺഫറൻസിന് സെപ്റ്റംബർ പത്തിന് കൊച്ചി ഇൻഫോപാർക്കിൽ തുടക്കം. ഇന്നലെ ആരംഭിച്ച സമ്മേളനം സെപ്റ്റംബർ 17ന് അവസാനിക്കും. മുപ്പതിലധികം രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ എൺപത്താറോളം പ്രഭാഷണങ്ങൾ ഉൾകൊള്ളുന്നു്. ഇന്ത്യയിലെ ആദ്യത്തെ ഡെബ്കോൺഫ് ആണ് 2023ൽ ഇൻഫോപാർക്കിൽ നടക്കുന്നത്. ഡെബിയനിൽ പ്രവർത്തിക്കുന്നവർക്കും ഡെബിയൻ മെച്ചപ്പെടുത്താൻ താൽപ്പര്യമുള്ള ഉപയോക്താക്കൾക്കും വേിയുള്ള വാർഷിക സമ്മേളനമാണ് ഡെബ്കോൺഫ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡെബിയൻ ഡെവലപ്പർമാരും ഉപയോക്താക്കളുമാണ് പരിപാടിയുടെ ഭാഗമാകുന്നത്. ഡെബ്കോൺഫിനോടനുബന്ധിച്ച് സെപ്റ്റംബർ രു മുതൽ ഒൻപത് വരെ നീളുന്ന ഡെബ്ക്യാമ്പും നടത്തുന്നു്. ഡെബിയൻ, എസ്.പി.ഐ, ഡെബിയൻ ഇന്ത്യ, ഡെബിയൻ ഫ്രാൻസ്, ഡെബിയൻ സ്വിറ്റ്സർലൻഡ്, ഫോസ്സ് യുണൈറ്റഡ് ഫൗഷേൻ, ഇൻഫോപാർക്ക് എന്നിവരുടെ ആഭിമുഖ്യത്തിലാണ് ഈ വാർഷിക സംഗമം നടക്കുന്നത്. സീമൻസ്, ഇൻഫോമാനിയാക്, പ്രോക്സ്മോക്സ് തുടങ്ങിയവരാണ് ഈ സമ്മേളനത്തിന്റ പ്രധാന പ്രായോജകർ. ഇൻഫോപാർക്കിലെ അതുല്യ ഓഡിറ്റോറിയത്തിലും, ഫോർ പോയിന്റ്സ് സ്ബൈ ഷെറാട്ടൺ ഹോട്ടലിലുമായി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ഇന്നലെ ശ്രുതി ചന്ദ്രൻ, ജോന്നാഥൻ മക്ഡോവെൽ, നിക്കോളാസ് ഡെൻഡ്രിമോ്, ജോസെ എം കൾഹാരിസ്, ഹെക്റ്റർ ഓറോൺ മാർട്ടിനെസ്, രാധിക ജലാനി, ഒറേൻഡ്ര സിങ്ങ്, അരുൺ മണി .ജെ, രാഗുൽ ആർ, ക്രിസ്റ്റി പ്രോഗ്രി, വിഗ്നേഷ്, കിരൺ എസ്. കുഞ്ഞുമോൻ, മറ്റിയ റിസോലോ, ജൊനിയോ മാർകബ്സ് ഡ കോസ്റ്റ, സൂരജ് കുമാർ മഹതോ, ഡേവിഡ് ഹെയ്ഡെൽബെർഗ്, രവി ദ്വിവേദി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഗ്നു/ലിനക്സ് അടിസ്ഥാനമാക്കി ഡെബിയൻ പ്രോജക്റ്റ് വികസിപ്പിച്ച് പരിപാലിക്കുന്ന ഒരു സ്വതന്ത്ര സോഫ്ട്വെയർ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഡെബിയൻ. കംപ്യൂട്ടറുകളിലും സെർവറുകളിലും മൈക്രോസോഫ്റ്റ് വിൻഡോസ്, ആപ്പിൾ മാക്ഓഎസ് എന്നീ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്ക് ബദലായി ഇത് ഉപയോഗിക്കപ്പെടുന്നു. ഡെബിയന്റെ ഡൗൺലോഡ് പേജിൽ (ംംം.ഴലയശമി.ീൃഴ/റീംിഹീമറ) നിന്നും ഡെബിയൻ ഡൗൺലോഡ് ചെയ്യാനും സ്വന്തം കംപ്യൂട്ടറിലേക്ക് ഇൻസ്റ്റാൾ ചെയ്യാനും സാധിക്കും.

# കേരളാ മ്യൂസിയത്തിനായി മുത്തൂറ്റ് ഫിനാൻസിന്റെ 25 കിലോവാട്ട് സൗരോർജ്ജ പദ്ധതി




**കൊച്ചി:** കേരളത്തിലെ ഏറ്റവും പഴക്കമേറിയ കലാ, ചരിത്ര മ്യൂസിയങ്ങളിലൊന്നായ കേരളാ മ്യൂസിയത്തിൽ മുത്തൂറ്റ് ഫിനാൻസ് 25 കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു. സൗരോർജ്ജ പദ്ധതി മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പുതുതായി സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റ് മ്യൂസിയത്തിന്റെ വൈദ്യുത ആവശ്യങ്ങളുടെ പകുതി നിറവേറ്റാൻ പര്യാപ്തമാണ്. ഇതിലൂടെ പ്രതിവർഷം അഞ്ചു ലക്ഷം രൂപ ലാഭിക്കാനാവും. കേരളാ മ്യൂസിയം ഡയറക്ടർ അതിഥി നായർ, മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ ബാബു ജോൺ മലയിൽ, കേരളാ മ്യൂസിയം മാനേജർ ജൂഡി ഹൻസൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.രജിസ്ട്രേഡ് ചാരിറ്റബിൾ ട്രസ്റ്റ് ആയി 1984-ൽ സ്ഥാപിതമായ മാധവൻ നായർ ഫൗഷേനാണ് കേരളാ മ്യൂസിയം മാനേജ് ചെയ്യുന്നത്. സമകാലിക ഇന്ത്യൻ കലാ രൂപങ്ങളുടെ നവീനവും പുരാതനവുമായ നിരവധി ശേഖരങ്ങൾ ഇവിടെയു്. ഇവയിൽ പലതും പ്രാദേശിക നിധികളായാണ് കണക്കാക്കപ്പെടുന്നത്. ഉയർന്ന താപനിലയും അന്തരീക്ഷത്തിലെ ജലാംശവും മൂലം മോശമാകുന്നതു തടയാനായി ചില്ലു കൂടുകളിലോ പ്രത്യേകമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ള വിധത്തിലോ ആണ് ഇവിടെയുള്ളവയിൽ മിക്കവാറും പ്രദർശന വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നത്. മ്യൂസിയത്തിന്റെ വൈദ്യുതി ബില്ലുകൾ വഴി വൻ പ്രവർത്തന ചെലവാണ് ഇതുമൂലമുാകുന്നത്. പുതുതായി സ്ഥാപിച്ച സൗരോർജ്ജ പദ്ധതി മ്യൂസിയത്തിന്റെ വൈദ്യുത ആവശ്യത്തിന്റെ 50 ശതമാനവും നിറവേറ്റുകയും പ്രതിവർഷം വൈദ്യുത ചാർജ് ഇനത്തിൽ അഞ്ചു ലക്ഷം രൂപ ലാഭിക്കാൻ സഹായിക്കുകയും ചെയ്യും. തങ്ങൾ കേരളത്തിൽ ഉടലെടുത്ത കമ്പനിയാണെന്നും ഇവിടെയുള്ള സംസ്കാരത്തെ സംരക്ഷിക്കാനും സംസ്ഥാനത്തിന്റെ വളർച്ചയെ സഹായിക്കാനും പ്രതിബദ്ധതയുള്ളവരാണെന്നും മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ് പറഞ്ഞു. സമകാലീന കലാ രൂപങ്ങളുടെ കാര്യത്തിൽ കേരളാ മ്യൂസിയം ഒരു മികച്ച നിധിയാണ്. നൂറുകണക്കിനു പേർക്ക് ചിത്രങ്ങളും അവിടെയുള്ളവയുടെ ആയിരക്കണക്കിനു വരുന്ന വിശദാംശങ്ങളും കാണാനാവുന്നു്. മ്യൂസിയത്തിനു പിന്തുണ നൽകാനും സുസ്ഥിര ഭാവിക്കായി മുന്നേറാനുമുള്ള കമ്പനിയുടെ നീക്കങ്ങളുടെ ഒരു നിർണായക ഭാഗമാണ് ഈ സൗരോർജ്ജ പദ്ധതിയെന്നും അദ്ദേഹം പറഞ്ഞു.തങ്ങളുടെ മ്യൂസിയത്തിന് മുത്തൂറ്റ് ഫിനാൻസിൽ നിന്നു ലഭിച്ച പിന്തുണയെ അഭിനന്ദിക്കുന്നതായി കേരളാ മ്യൂസിയം ഡയറക്ടർ അതിഥി നായർ പറഞ്ഞു. ഭാവി തലമുറകൾക്കായി നമ്മുടെ പ്രാദേശിക സംസ്ക്കാരവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ ഈ നീക്കം സഹായിക്കും. 39 വർഷത്തിലേറെയായുള്ള ഹെറിറ്റേജ് മ്യൂസിയമാണ് തങ്ങളുടേത്. പാനലുകൾ സ്ഥാപിക്കുമ്പോൾ മ്യൂസിയത്തിന്റെ ഹെറിറ്റേജ് ദൃശ്യത്തിനു കോട്ടം വരുത്താതിരിക്കാൻ തങ്ങൾ ശ്രദ്ധിച്ചിരുന്നു. റൂഫ് ടെറസിൽ സീറോ ലെവൽ ഉയരത്തിലാണു പാനലുകൾ സ്ഥാപിച്ചത്. പുതിയ സോളാർ വൈദ്യുത പദ്ധതി മ്യൂസിയത്തിന്റെ പ്രവർത്തന ചെലവിന്റെ കാര്യത്തിൽ സഹായകമാകും. ചെലവുകൾ കുറക്കാൻ മാത്രമല്ല, പ്രകൃതിക്കും സുസ്ഥിരതയ്ക്കുമായി കൂടുതൽ സംഭാവന ചെയ്യാനും ഇതു സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫിനാൻഷ്വൽ ഇമ്യൂണിറ്റി സ്റ്റഡിയുമായി എസ്ബിഐ ലൈഫ്

**കൊച്ചി:** സാമ്പത്തിക പ്രതിരോധത്തിനായി ഇൻഷൂറൻസ് അനിവാര്യമെന്ന് ഇന്ത്യയിലെ ഇൻഷൂർ ചെയ്യാത്ത 71 ശതമാനം പേരും കരുതുന്നതായി എസ്ബിഐ ലൈഫ് നടത്തിയ പഠനം ചൂിക്കാട്ടുന്നു. ഇൻഷൂറൻസ് ഉള്ള 83 ശതമാനം പേരും തങ്ങളുടെ സാമ്പത്തിക സുരക്ഷയ്ക്ക് ഇൻഷൂറൻസ് അനിവാര്യമാണെന്നു വിശ്വസിക്കുന്നു. എസ്ബിഐ ലൈഫിന്റെ ഫിനാൻഷ്യൽ ഇമ്യൂണിറ്റി സ്റ്റഡി 3.0 ആണ് ഇക്കാര്യങ്ങൾ ചൂിക്കാട്ടുന്നത്.ഇന്ത്യയിൽ ഉടനീളമായി 41 പട്ടണങ്ങളിൽ അയ്യായിരത്തോളം പേരിൽ നിന്നാണ് പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. 68 ശതമാനത്തോളെ ഉപഭോക്താക്കൾ തങ്ങൾക്ക് ആവശ്യമായ ഇൻഷൂറൻസ് ഉന്നെു വിശ്വസിക്കുമ്പോഴും വെറും ആറു ശതമാനം പേർക്കു മാത്രമാണ് പര്യാപ്തമായ പരിരക്ഷകളുള്ളതെന്ന വസ്തുതയും പഠനം ചൂിക്കാട്ടുന്നു്. ആർക്കും ഉപയോഗിക്കാവുന്ന ഫിനാൻഷ്യൽ ഇമ്യൂണിറ്റി കാൽക്കുലേറ്ററും എസ്ബിഐ ലൈഫ് പുറത്തിറക്കിയിട്ടു്.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസിന് റെക്കോർഡ് വളർച്ച

**തിരുവനന്തപുരം:** 2020 മുതൽ 2023 വരെയുള്ള സാമ്പത്തിക വർഷ കാലയളവിൽ സമ്പാദ്യം ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങളുടെ മേഖലയിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് 158% വളർച്ച നേടിയതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് വിനോദ് എച്ച് പറഞ്ഞു.ആനുകൂല്യങ്ങൾ ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങളോടുള്ള ഉപഭോക്താക്കളുടെ താൽപ്പര്യം വ്യക്തമായി എടുത്തുകാട്ടുന്നതാണ് ഈ വളർച്ച. ഓഹരി വിപണിയിലെ ചാഞ്ചാട്ടങ്ങൾ വല്ലാതെ വർധിച്ചിരിക്കുന്നതിനാൽ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങളിലേക്ക് ഉപഭോക്താക്കളുടെ താൽപര്യം മാറിയിട്ടു് ആനുകൂല്യം ഉറപ്പാക്കുന്ന ഇത്തരം ഉൽപ്പന്നങ്ങൾ മൂലധനം സുരക്ഷിതമാക്കുകയും, അതോടൊപ്പം തടസമില്ലാതെ വരുമാനം നൽകുകയും ചെയ്യുന്നു. ഇത്തരം ഉൽപ്പന്ന വിഭാഗം സാമ്പത്തിക സുസ്ഥിരത ലഭ്യമാക്കുകയും, ഒരു രാം വരുമാന സ്രോതസ് കെട്ടിപ്പടുക്കുവാനുള്ള സാധ്യമായ വഴി കാട്ടുകയും ചെയ്യുന്നു്. വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ഇൻഷൂറൻസ് ലഭ്യത ഉറപ്പാക്കുന്നതിനായി കമ്പനി ഒരു 4ഡി രൂപഘടന ഉാക്കി എടുത്തിട്ടു്. ഡാറ്റാ വിശകലനം, വൈവിധ്യമാർന്ന പോംവഴികൾ, ഡിജിറ്റൽവൽക്കരണം, ആഴത്തിലുള്ള പങ്കാളിത്തം എന്നിവയാണ് ഈ രൂപഘടനയിൽ ഉൾപ്പെടുന്നത്. ഡാറ്റാ വിശകലനം ഓരോ ഉപഭോക്താവിനും അനുയോജ്യമായ തരത്തിൽ ലൈഫ് ഇൻഷൂറൻസ് ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കും. അതേസമയം വൈവിധ്യമാർന്ന പോംവഴികൾ ഉൽപ്പന്ന നിരകളെ വിശാലമാക്കുകയും വിവിധ ശ്രേണികളിലുള്ള ഉപഭോക്താക്കൾക്ക് സേവനം നൽകുവാൻ കമ്പനിയെ സഹായിക്കുകയും ചെയ്യും. ഡിജിറ്റൽ വൽക്കരണമാകട്ടെ കടലാസ് രഹിത ഇടപാട് സൗകര്യം ഉപഭോക്താക്കൾക്ക് നൽകും. വിതരണത്തിൽ ഉാകുന്ന ആഴം പങ്കാളിത്തങ്ങളെ ശക്തിപ്പെടുത്തുകയും അതിലൂടെ ഉപഭോക്താക്കൾക്കിടയിൽ ലൈഫ് ഇൻഷൂറൻസിന് മെച്ചപ്പെട്ട സ്ഥിതി നൽകുകയും ചെയ്യും. ഐസിഐസിഐ പ്രൂ ഗ്യാരന്റീഡ് ഇൻകം ഫോർ ടുമാറോ, ഐസിഐസിഐ പ്രൂ ഗോൾഡ്, ഐസിഐസിഐ പ്രൂ സുഖ് സമൃദ്ധി എന്നിങ്ങനെയുള്ള ഉപഭോക്തൃ സൗഹാർദപരമായ ഞങ്ങളുടെ ചില ഉൽപ്പന്നങ്ങൾ ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നവയാണെന്നും വിനോദ് എച്ച് പറഞ്ഞു. മെച്ച്യുരിറ്റി ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയുന്നത് തങ്ങളുടെ ദീർഘകാല ധനകാര്യ ലക്ഷ്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ ആസൂത്രണം ചെയ്യുവാൻ ഉപഭോക്താക്കളെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ആർട്ടിസ്റ്റിക് ആൻഡ് റിഥമിക് ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ്പ് ഇന്ന്

**കൊച്ചി:** രണ്ടാമത് എറണാകുളം ജില്ലാ ആർട്ടിസ്റ്റിക് ആൻഡ് റിഥമിക് ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ്പ് ഇന്ന് വൈകുന്നേരം 3 മണി മുതൽ കടവന്ത്ര റീജിനൽ സ്പോർട്സ് സെന്ററിൽ ആരംഭിക്കും. സബ് ജൂനിയർ ജൂനിയർ വിഭാഗങ്ങളിലെ കുട്ടികൾക്കായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് 2 മണിക്ക് കടവന്ത്ര റീജിനൽ സ്പോർട്സ് സെന്ററിലെത്തി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 90483 05689 (സജീവ് എസ് നായർ) എന്ന നമ്പരിൽ ബന്ധപ്പെടുക.

# യു എൻ ആഗോള ജൈവവൈവിധ്യ ചട്ടക്കൂട്: കണ്ടൽ പവിഴ സംരക്ഷണത്തിന് ഇന്ത്യയുടെ പ്രധാന മുൻഗണന

- സിഎംഎഫ്ആർഐ നടത്തിയ പഠനങ്ങളാണ് യുഎൻ വേദിയിൽ ഇന്ത്യ അവതരിപ്പിച്ച റിപ്പോർട്ടിലുള്ളത്.
- സമുദ്രജൈവവൈവിധ്യ സംരക്ഷണം മുന്നിൽക്കണ്ട്, പ്രകൃതിലോല പ്രദേശങ്ങളുടെ സംരക്ഷണമൂല്യം കണ്ടെത്തുന്നതിനുള്ള ചട്ടക്കൂട് രാജ്യം വികസിപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി.




**കൊച്ചി:** ആഗോള ജൈവവൈവിധ്യ ചട്ടക്കൂടിനോടനുബന്ധിച്ച് ദക്ഷിണ കൊറിയയിൽ നടന്ന യുഎൻ ചർച്ചാവേദിയിൽ കണ്ടൽ സംരക്ഷണത്തിനും പവിഴപ്പുറ്റുകളുടെ പുനരുജ്ജീവനത്തിനും പ്രധാന മുൻഗണന നൽകി ഇന്ത്യ. കടലിൽ സംരക്ഷിതമേഖലകൾ നിർണയിക്കൽ, സുസ്ഥിര മത്സ്യബന്ധനരീതികൾ നടപ്പിലാക്കൽ എന്നിവയും മുൻഗണനാപട്ടികയിലുണ്ടെന്ന് ഇന്ത്യയെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്ത ശാസ്ത്രജ്ഞർ വ്യക്തമാക്കി.ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ ശുഭ്ദീപ് ഘോഷും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മറൈൻ ബയോഡൈവേഴ്സിറ്റി വിഭാഗം മേധാവി ഡോ ഗ്രിൻസൻ ജോർജ്ജും ഇന്ത്യയെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കേടുത്തു. ഐക്യരാഷ്ട്രസഭയുടെ ആഗോള ജൈവവൈവിധ്യ ചട്ടക്കൂട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമുദ്രജൈവവൈവിധ്യത്തെ കുറിച്ചുള്ള ചർച്ചകൾക്കാണ് സിയോളിൽ യുഎന്നിന്റെ മേൽനോട്ടത്തിൽ സസ്റ്റയിനബിൾ ഓഷ്യൻ ഇനിഷ്യേറ്റീവ് ശിൽപശാല നടന്നത്. ഈ മേഖലയിൽ സിഎംഎഫ്ആർഐ നടത്തിയ പഠനങ്ങളാണ് യുഎൻ വേദിയിൽ ഇന്ത്യ അവതരിപ്പിച്ച റിപ്പോർട്ടിലുള്ളത്.സമുദ്രജൈവവൈവിധ്യ സംരക്ഷണം മുന്നിൽണ്ട്, പ്രകൃതിലോല പ്രദേശങ്ങളുടെ സംരക്ഷണമൂല്യം കണ്ടെത്തുന്നതിനുള്ള ചട്ടക്കൂട് രാജ്യം വികസിപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇതിനായി, കണ്ടൽവനങ്ങൾ, പവിഴപ്പുറ്റുകൾ, കടൽപുല്ലുകൾ, ഉപ്പുപാടങ്ങൾ, മണൽതിട്ടകൾ തുടങ്ങിയവ അടങ്ങുന്ന ആകെ 34127.20 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങൾ മാപ്പ് ചെയ്തിട്ടുണ്ട്. കടലിനടിയിലുള്ള പവിഴപ്പുറ്റുകളുടെ ചിത്രങ്ങളെടുത്ത് അവയെ വർഗീകരണം നടത്താൻ സഹായിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. ലക്ഷദ്വീപ് ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ പവിഴപ്പുറ്റുകൾ ട്രാൻസ്പ്ലാന്റേഷൻ ചെയ്തിട്ടുണ്ട്. തദ്ദേശീയ ജന്തുജാലങ്ങൾക്ക് ഭീഷണിയാകുന്നുവിധം വളരെവേഗം വളർച്ചകൈവരിക്കുന്ന അന്യദേശ ജീവികളുടെ വ്യാപനത്തിന്റെ തോത് അടയാളപ്പെടുത്തുന്ന മാപ്പിംഗ് പഠനങ്ങൾ പുരോഗമിച്ചുവരികയാണ് റിപ്പോർട്ട് അവതരിപ്പിക്കവെ ഡോ ഗ്രിൻസൻ ജോർജ്ജ് പറഞ്ഞു. മാരികൾച്ചർ ഇന്ത്യൻ തീരങ്ങളിൽ ഏറെ സാധ്യതകളുള്ള സുസ്ഥിര കടൽകൃഷി രീതിയാണെന്നും കൂടുകൃഷിയും കടൽപായലും സംയോജിപ്പിച്ചുള്ള ഇന്റഗ്ര കൃഷിരീതിയിലൂടെ രാജ്യത്തിന്റെ കടൽപായൽ ഉൽപാദനത്തിൽ 122% വർധനവുണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരളാ ഗവൺമെന്റ് നഴ്സസ് ആൻഡ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്കുള്ള ക്യാഷ് അവാർഡിനും സ്കോളർഷിപ്പിനും അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു എല്ലാ ഗ്രൂപ്പും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ടി.എച്ച്.എസ്.എൽ.സി, വി.എച്ച്.എസ്.സി, എസ്.എസ്.എൽ.സി എന്നീ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയ, ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്കുള്ളതാണ് ക്യാഷ് അവാർഡ്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മൂന്നു മാസത്തിനകം ഇതിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ അതാതു ജില്ലയിലെ എം.സി.എച്ച് ഓഫീസർ വഴിയോ ഡിസ്ട്രിക് നഴ്സിംഗ് ഓഫീസർ വഴിയോ നേരിട്ടോ ക്ഷേമനിധി സെക്രട്ടറിക്ക് അയയ്ക്കണം. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ഗവൺമെന്റ് നടത്തിയ എൻട്രൻസ് പരീക്ഷ മുഖേന ഗവൺമെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കും ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിലും ഗവൺമെന്റ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സ്കൂളിലും പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. അഡ്മിഷൻ കിട്ടി മൂന്ന് മാസത്തിനകമോ നവംബർ 30ന് അകമോ നിശ്ചിത ഫോറത്തിൽ അപേക്ഷ കൊടുത്തിരിക്കണം. താമസിച്ചു കിട്ടുന്ന അപേക്ഷകൾ പരിഗണിക്കില്ല. കോഴ്സ് തീരുന്നതുവരെ ഓരോ വർഷവും സ്കോളർഷിപ്പ് ലഭിക്കും.കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി, നഴ്സസ് ക്ഷേമനിധി, ഹോളി ഏഞ്ചൽസ് കോൺവെന്റിന് എതിർവശം, തിരുവനന്തപുരം1 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 0471 3591990.

# ഇൻഫ്ളുവെൻസേഴ്സ് സമ്മിറ്റ് സംഘടിപ്പിച്ചു




**കൊച്ചി:**കേരളത്തിലെ ഏറ്റവും വലിയ ഇൻഫ്ളുവെൻസേഴ്സ് സമ്മിറ്റിന് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്റർ വേദിയായി. പ്രീമിയം ഇംഗ്ലീഷ് ബിസിനസ് മാഗസിനായ ബ്രാൻഡ് സ്റ്റോറീസ് സംഘടിപ്പിച്ച സംഗമത്തിൽ പത്തു ലക്ഷത്തിലേറെ ഫോളോവേഴ്സ് ഉള്ള അറുപതോളം ഇൻഫ്ളുവെൻസേഴ്സും ഒരു ലക്ഷത്തിലേറെ ഫോളോവേഴ്സുള്ള 590ഓളം ഇൻഫ്ളുവെൻസേഴ്സും പങ്കെടുത്തു. എംപിമാരായ ബെന്നി ബഹനാൻ, ടി എൻ പ്രതാപൻ എന്നിവർ മുഖ്യാതിഥികളായി. ഇന്ത്യാമെക്സിക്കോ ട്രേഡ് കമ്മീഷണർ എസ് വി മണികണ്ഠനെ ബെന്നി ബഹനാൻ എംപി ആദരിച്ചു. തെരഞ്ഞെടുത്ത പത്തൊമ്പത് ഇൻഫ്ളുവെൻസേഴ്സിനും അവാർഡുകൾ നൽകി. ഇൻഫ്ളുവെൻസേഴ്സ് മാർക്കറ്റിംഗിലൂടെ എങ്ങനെ ഉൽപ്പന്നങ്ങളെയും ബ്രാൻഡിനെയും അടുത്ത തലത്തിലേക്കെത്തിക്കാം എന്ന ആശയത്തിലധിഷ്ഠിതമായി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നുള്ള അഞ്ഞൂറോളം സംരംഭകരും പങ്കെടുത്തു. ടാറ്റ ബ്ലൂസ്കോപ്പ് സ്റ്റീൽ നാഷണൽ ഹെഡ് അവിനാഷ് പഞ്ചാക്ഷരി, നീതൂസ് അക്കാദമി ഡയറക്ടർ നീതു ബോബൻ, പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ. പി ജോർജ്ജ്, ബിസിനസ് കൺസൾട്ടന്റ് ഡോ. രെഞ്ജിത്ത് രാജ്. സിനിമാ താരം ഹണി റോസ്, സെൻസ് പ്രമോസ് സിഇഒ നിഖിൽ മോഹനൻ എന്നിവർ പ്രസംഗിച്ചു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com